നിയമ സംസ്കാര കേന്ദ്രത്തിന്റെ

ജനനീതി

3.00 ക.

# നീതിയുടെ ആൾരൂപം



സാമൂഹ്യനീതിക്കുവേണ്ടിയുള്ള വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിൽ
പ്രധാനമന്ത്രിപദം പോലും പരിത്യജിച്ച വി.പി. സിങ്

141

ജനുവരി 2009

# നമ്മുടെ കോടീശ്വരന്മാരും ക്രിമിനൽ പ്രതിനിധികളും

ഈയിടെ അഞ്ചുനിയമസഭകളിലേക്കു നടന്ന തിരഞ്ഞെടുപ്പിൽ ജയിച്ചവരിൽ ഏതാണ്ട് പകുതിയും കോടീശ്വരന്മാരാണ്.

നോമിനേഷൻ സമർപ്പണത്തോടൊപ്പം സ്ഥാനാർത്ഥികൾ നൽകിയ സത്യപ്രതിജ്ഞയുടെ അടിസ്ഥാനത്തിൽ നാഷണൽ ഇലക്ഷൻ വാച്ച് എന്ന സംഘടന തയ്യാറാക്കിയ കുറിപ്പിലാണിങ്ങനെ പറയുന്നത്.

ജനപ്രതിനിധികളിൽ 248 പേർ കോടീശ്വരന്മാരാണ്. സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ കിടക്കുന്ന സംസ്ഥാനങ്ങളിലാണ് കൂടുതൽ കോടീശ്വരന്മാരുള്ളത്. മധ്യപ്രദേശിൽ തിരഞ്ഞെടുക്കപ്പെട്ടവരിൽ 82 പേർ കോടീശ്വരന്മാരാണെങ്കിൽ രാജസ്ഥാനിൽ കോടീശ്വരന്മാരായ ജനപ്രതിനിധികൾ 85 വരും.

വളരെ ചെറിയൊരു സംസ്ഥാനമായിട്ടും ദൽഹിയിൽ കോടീശ്വരന്മാർ 46 ആണ്. നക്ഷൽ പ്രവർത്തനങ്ങൾ മൂലം ഭീകരാന്തരീക്ഷം നിലനിൽക്കുന്ന ഛത്തീസ്ഗഡിൽ 23 ജനപ്രതിനിധികൾ കോടീശ്വരന്മാരാണ്.

മിക്ക സംസ്ഥാനങ്ങളിലും എം.എൽ.എ. മാരുടെ ശരാശരി ആസ്തി ഒരു കോടിവരും. ദൽഹിയിലെ കോൺഗ്രസ്സ് എം.എൽ.എ.മാരുടെ ശരാശരി ആസ്തി 2.7 കോടിയാണ്. ബി.ജെ.പി. എം.എൽ.എ.മാരുടേത് 2.86 കോടിയാണ്. പിന്നോക്ക സംസ്ഥാനമായ ഛത്തീസ്ഗഡിൽ ഒരു കോൺഗ്രസ് എം.എൽ.എ. യുടെ ശരാശരി ആസ്തി 5.28 കോടി വരുമെങ്കിൽ ബി.ജെ.പി. എം.എൽ.എ. മാരുടേത് 5.13 കോടിയാണ്.

തിരഞ്ഞെടുപ്പിൽ ജയിച്ചവരിൽ 125 പേർ ക്രിമിനൽ കേസുകളിൽപെട്ടവരാണ്. കൊലപാതകം, തട്ടിക്കൊണ്ടുപോകൽ, വഞ്ചന, പിടിച്ചുപറി എന്നിങ്ങനെ നാനാവിധത്തിലുള്ള ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടവരാണിവർ. ഇതിലും കക്ഷിഭേദമില്ല. ക്രിമിനലുകളിൽ 59 കോൺഗ്രസ്സുകാരുണ്ടെങ്കിൽ ബി.ജെ.പി.ക്കാർ 49 വരും. ❑

ജനനീതി

ജനുവരി 2009
**141**

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# സാമൂഹ്യനീതിക്കുവേണ്ടി സമർപ്പിതമായ ഒരു ജീവിതം

മരിക്കാനും വേണം ഒരു ഭാഗ്യം എന്നൊരു ചൊല്ലുണ്ട്. ബന്ധുജനങ്ങളുടെ പരിചരണം ഏറ്റുവാങ്ങി, സുഹൃത്തുക്കളുടേയും വേണ്ടപ്പെട്ടവരുടേയും സാന്നിധ്യത്തിൽ ഈ ലോകത്തോട് വിടവാങ്ങാൻ കഴിയണമെന്നു താൽപര്യം. മുൻ പ്രധാനമന്ത്രി വി.പി. സിങ്ങിനെ സംബന്ധിച്ചിടത്തോളം ആ ഭാഗ്യമുണ്ടായില്ല. മുംബൈയിൽ ഭീകരർ സംഹാര താണ്ഡവമാടുന്നതിന്നിടയിൽ അങ്ങകലെ ദൽഹിയിൽവച്ച് അദ്ദേഹം യാത്ര പറഞ്ഞു. അതൊന്ന് മന: സംതൃപ്തി വരുമാറ് റിപ്പോർട്ട് ചെയ്യാൻ പോലും കഴിയാത്തതിൽ ഖേദിക്കാത്ത ലേഖകന്മാരുണ്ടാവില്ല.

രാജാവായി ജനിച്ച വി.പി. സിങ് അടിമുടി നീതിക്കുവേണ്ടി പ്രയത്നിച്ചു. അദ്ദേഹത്തിന്റെ ഏറ്റവും വിഖ്യാതമായ പ്രവൃത്തി ഏതാണെന്നു ചോദിച്ചാൽ പറയുക വിഷമമാണ്. യു.പി. കൊള്ളക്കാരുടെ സ്വൈരവിഹാര മേഖലയായിരുന്ന കാലത്താണ് അവരെ അമർത്താൻ മാത്രമായി വി.പി. യെ മുഖ്യമന്ത്രിയാക്കിയത്. അതിൽ അദ്ദേഹം ഒട്ടേറെ വിജയിച്ചുവെങ്കിലും സ്വന്തം സഹോദരനെത്തന്നെ അതിന്ന് ബലികഴിക്കേണ്ടിവന്നു.

ഇന്ത്യയിലെ ധനകാര്യ മന്ത്രിമാരെല്ലാം മുതലാളിമാരുടെ കണക്കെഴുത്തു പിള്ളമാരായി മാറിക്കൊണ്ടിരുന്ന ഒരു കാലത്താണ് വി.പി. സിങ്ങിനെ രാജീവ് ഗാന്ധി ധനകാര്യമന്ത്രിയാക്കുന്നത്. അതോടെ ധനകാര്യാലയത്തിലേക്ക് മുതലാളിമാർക്കായി നിർമ്മിച്ചിരുന്ന സ്പെഷൽ വാതിൽ അടഞ്ഞു. ഒറ്റക്കൊരു മുതലാളിയേയും കാണില്ലെന്ന വി.പി സിങ്ങിന്റെ ശാഠ്യം മുതലാളിമാരെ വിഷമത്തിലാക്കി. ഒടുവിൽ ധനകാര്യാലയത്തിൽനിന്ന്

വി.പി. സിങ്ങിനെ മാറ്റാൻ പ്രധാനമന്ത്രി നിർബന്ധിതനായി.

പക്ഷെ അതുകൊണ്ട് കാര്യമുണ്ടായില്ല. ദേശരക്ഷാവകുപ്പിൽ ചെന്നുകയറിയ ഉടൻ അദ്ദേഹം അഴിമതിക്കാരുടെ ഏറ്റവും വലിയ താവളം നശിപ്പിച്ചു. അതോടെ, രാജീവ് ഗാന്ധിയുമായി പിണങ്ങിപ്പിരിയേണ്ടതായുംവന്നു. കോൺഗ്രസ് വിട്ട വി.പി. സിങ് ആളില്ലാത്തൊരു ജനമോർച്ചയുടെ നേതാവായി. ആ ജനമോർച്ചയാണ് പിന്നീട് കോൺഗ്രസ്സിതര മുന്നണിയുടെ ആത്മാവായി മാറിയത്.1989 ലെ തിരഞ്ഞെടുപ്പിൽ രാജീവ് ഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ്സിനെ തോൽപിച്ച് പ്രധാനമന്ത്രി പദത്തിലെത്താൻ വി.പി. സങ്ങിന്നു കഴിഞ്ഞുവെങ്കിലും അധികാരം അദ്ദേഹത്തിന്നൊരു ആകർഷണ കേന്ദ്രമായിരുന്നില്ല.

പണ്ട് കോൺഗ്രസ് ഗവർമ്മേണ്ട് നിയോഗിച്ച കാക്കാസാഹേബ് കലേൽക്കറുടെ നേതൃത്വത്തിലുള്ള പിന്നോക്ക സമുദായ കമ്മീഷന്റെ ശുപാർശകളൊന്നും നടപ്പാക്കാതെ കഴിക്കാൻ സവർണ മേധാവിത്വത്തിന്നു കഴിഞ്ഞിരുന്നു. ഉദ്യോഗങ്ങളും അധികാരസ്ഥാനങ്ങളുമെല്ലാം പണ്ടുമുതൽക്കേ സവർണർ കയ്യൊതുക്കി വച്ചിരിക്കുകയായിരുന്നു. ആ മേഖലയിലേക്ക് പിന്നോക്ക ജാതിക്കാർ കടന്നുകയറുന്നത് ഒഴിവാക്കാൻ അവർ പതിനെട്ടടവും പ്രയോഗിച്ചിരുന്നു. പിന്നീട് മൊറാർജി ദേശായിയുടെ നേതൃത്വത്തിൽ നിലവിൽ വന്ന ജനതാഗവർമ്മേണ്ട് പിന്നോക്ക പ്രശ്നം അന്വേഷിക്കാൻ മണ്ഡൽ കമ്മീഷനെ നിയമിച്ചു. ഇന്ത്യയിലെ ജനങ്ങളിൽ 76 ശതമാനവും പിന്നോക്ക ജാതികളിലോ പട്ടികവർഗ്ഗത്തിലോ പട്ടികജാതിയിലോ പെട്ടതാണെന്ന് കമ്മീഷൻ കണ്ടെത്തി. പട്ടികജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കും ജനസംഖ്യാനുപാതികമായി 22 ശതമാനം സംവരണത്തിന്ന് ഭരണഘടനയിൽതന്നെ വ്യവസ്ഥയുണ്ട്. സംവരണം 50 ശതമാനത്തിൽ കവിയരുതെന്ന് സുപ്രീം കോടതി മുമ്പൊരു വിധിയിൽ നിശ്ചയിച്ചിട്ടുണ്ട്. അതിനാൽ പിന്നോക്ക സമുദായങ്ങൾക്ക് ഇരുപത്തേഴര ശതമാനമെങ്കിലും സംവരണം ഏർപ്പെടുത്തണമെന്ന് മണ്ഡൽ കമ്മീഷൻ നിർദ്ദേശിച്ചു.

മണ്ഡൽ കമ്മീഷന്റെ അന്വേഷണമെല്ലാം കഴിഞ്ഞ റിപ്പോർട്ട് സമർപ്പിച്ചപ്പോഴേക്കും ഗവർമ്മേണ്ട് മാറിയിരുന്നു. 1980 ലെ തിരഞ്ഞെടുപ്പിൽ ഇന്ദിരാ ഗാന്ധി വീണ്ടും അധികാരത്തിൽ വന്നു. നിക്ഷിപ്ത താൽപര്യക്കാർ അവരുടെ തന്ത്രങ്ങൾ വീണ്ടും പുറത്തെടുത്തു. തന്മൂലം കാക്കാകലേൽക്കറിനുണ്ടായ അതേ ദുർഗതി മണ്ഡൽ കമ്മീഷന്നുമുണ്ടായി. പിന്നീട് അതിനെപ്പറ്റി കേൾക്കുക പോലും ചെയ്തിരുന്നില്ല.

അങ്ങനെയിരിക്കെയാണ് 1989 ൽ കോൺഗ്രസ്സിതര ഗവർമ്മേണ്ട് നിലവിൽ വന്നതും വി.പി. സിങ് പ്രധാനമന്ത്രിയായതും. വി.പി. സിങ്ങിന്ന് അശേഷം ആലോചിക്കാനുണ്ടായിരുന്നില്ല. മണ്ഡൽ കമ്മീഷന്റെ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ തീരുമാനിച്ചതായി അദ്ദേഹം പ്രഖ്യാപിച്ചു. അതോടെ രാജ്യത്താകെ ഭൂകമ്പമായി. ആ ഭൂകമ്പത്തിന്ന് നേതൃത്വം നൽകിയത് ബി.ജെ.പി. യുമായിരുന്നു. അവർ വി.പി. സിങ്ങിന്റെ ഗവർമ്മേണ്ടിന്നു നൽകിവന്നിരുന്ന പിൻതുണ പിൻവലിച്ചു. അല്പം വിട്ടുവീഴ്ച കാണിക്കാൻ വി.പി. സിങ് തയ്യാറായിരുന്നുവെങ്കിൽ അദ്ദേഹത്തിന്ന് തന്റെ ഗവർമ്മേണ്ടിനേയും തന്റെ പ്രധാനമന്ത്രി പദത്തേയും സംരക്ഷിക്കാമായിരുന്നു. പക്ഷെ അദ്ദേഹം അതു ചെയ്തില്ല. സാമൂഹ്യ നീതിയുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചക്കും അദ്ദേഹം തയ്യാറുണ്ടായിരുന്നില്ല. ➡

കവർസ്റ്റോറി

# സാമൂഹ്യനീതിക്കുവേണ്ടി നിലകൊണ്ട നേതാവ്

ഞാനിതാ രക്തവും മാംസവുമായി നിങ്ങളുടെ മുന്നിൽ നിൽക്കുന്നു. നിങ്ങൾക്കെന്നെ കയ്യേറ്റം നടത്തണമെ



വി.പി. സിങ്ങ്

ങ്കിൽ, വരൂ ഞാൻ നിന്നുതരാം. ദൂരെ നിന്ന് കല്ലെറിയേണ്ട കാര്യമില്ല. അകലെനിന്ന് കൂക്കിവിളിക്കേണ്ട കാര്യമില്ല; വന്നോളൂ. നിങ്ങൾക്കെന്തുവേണമെങ്കിലും ചെയ്യാം. എല്ലാം സഹിക്കാൻ ഞാൻ തയ്യാറാണ്. നമ്മുടെ നാട്ടിൽ ഈ സമൂഹത്തിൽ, സമത്വവും സാമൂഹ്യ നീതിയും കൈവരുത്താൻ ഞാൻ ശ്രമിക്കുമ്പോൾ ഞാൻ ചെയ്യുന്നത് ശരിയാണെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നുണ്ട്. ഈ വാക്കുകളോടെ വി.പി. സിങ്ങ് ഉച്ചഭാഷിണിയിൽനിന്ന് ഒരു വശത്തേക്ക് അൽപം മാറി രണ്ടടി മുന്നോട്ടുവന്നുനിന്നു. എന്തും ചെയ്തേക്കാവുന്ന ഒരു ജനക്കൂട്ടത്തിന്റെ മുന്നിൽ അദ്ദേഹം കൂസലില്ലാതെ നിന്നു. ആ അസാധാരണ പൊതുയോഗത്തിൽ പൂർണ്ണ നിശബ്ദത തളംകെട്ടിനിന്നു.

ദളിതരുടേയും മറ്റു പിന്നോക്ക സമുദായക്കാരുടേയുമായ ഒരു സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു വി.പി. സിങ്ങ്. അടുത്തുള്ള കെട്ടിടങ്ങളുടെ മറപിടിച്ചുകൊണ്ട് ചിലർ സമ്മേളനത്തിന്നുനേരെ നിരന്തരം കല്ലെറിയുകയായിരുന്നു. പ്രസംഗവേദിയിലുണ്ടായിരുന്ന മുൻ മന്ത്രിമാരായ ശരദ് യാദവിനും അജിത് സിങ്ങിനും കല്ലേറിൽ പരിക്കേറ്റു. ഇതാണ് വി.പി. സിങ്ങിനെ ക്ഷോഭി

---

1996 ൽ നരസിംഹറാവുവിന്റെ ഭരണശേഷം വി.പി. സിങ്ങിന്ന് മറ്റൊരവസരംകൂടി കിട്ടിയതാണ്. പക്ഷെ അദ്ദേഹത്തിന്റെ നീതിബോധം സാമൂഹ്യനീതിയിൽ മാത്രമായി ഒതുങ്ങുന്നതായിരുന്നില്ല. അധികാരം കർഷകരിലേക്കും കൈമാറണമെന്ന അദ്ദേഹത്തിന്റെ നർദ്ദേശമാണ് പ്രധാനമന്ത്രിപദത്തെ ദേവഗൗഡയിലെത്തിച്ചത്. പക്ഷെ അതൊരു ദയനീയ പരാജയമായിരുന്നു. പിന്നീട് ഗുജറാലിനെ പ്രധാനമന്ത്രിയാക്കിയെങ്കിലും അപ്പോഴേക്കും സമയമേറെ വൈകിയിരുന്നു. ഇതിന്നിടയിൽ വി.പി. സിങ്ങ് രോഗബാധിതനാകുകയും ചെയ്തതിനാൽ പിന്നീടദ്ദേഹത്തിന്ന് രാഷ്ട്രീയത്തിൽ കാര്യമായൊന്നും ഇടപെടാനായില്ല.

ഏതായാലും നീതിബോധം-അതാണ് വി.പി. സിങ്ങിനെക്കുറിച്ചുള്ള ഏറ്റവും വലിയ നേട്ടം. ❑

പ്പിച്ചതും വെല്ലുവിളിക്കാൻ പ്രേരിപ്പിച്ച തും.

വി.പി. സിങ്ങിന്റെ ഈ വെല്ലുവിളി യോടെ എല്ലാം ശാന്തമായി. അനിഷ്ട സംഭവങ്ങളൊന്നും കൂടാതെ സമ്മേ ളനം പുരോഗമിച്ചു.

പതിനെട്ടുകൊല്ലം മുമ്പ് 1990 നവം മ്പറിലാണ് ഇതുണ്ടായത്. ഒരു ജേർണ ലിസ്റ്റെന്ന നിലയിൽ എന്റെ മനസ്സിൽ മങ്ങാതെ, മായാതെ, നിലനിൽക്കുന്ന ഒരു സംഭവമാണിത്.

വി.പി. സിങ്ങിന്റെ നേതൃത്വത്തിലുള്ള ദേശീയ മുന്നണി ഗവർമ്മേണ്ടിനുള്ള പിന്തുണ ബി.ജെ.പി. പിൻവലിച്ചിട്ട് കഷ്ടിച്ച് രണ്ടാഴ്ചയേ കഴിഞ്ഞിരുന്നു ള്ളൂ. രാജ്യത്തിലെ രാഷ്ട്രീയാന്തരീ ക്ഷം, പ്രതേകിച്ചും ഉത്തരേന്ത്യയിലെ രാഷ്ട്രീയാന്തരീക്ഷം ആകെ കലുഷി തമായി നിൽക്കുന്ന കാലം. ബി.ജെ. പി. യും സംഘപരിവാരവും അയോധ്യ യിലെ രാമക്ഷേത്ര നിർമ്മാണത്തിന്നു വേണ്ടിയും വി.പി. സിങ്ങിന്റെ നേതൃ ത്വത്തിലുള്ള ദേശീയ മുന്നണി ഗവർമ്മേണ്ട് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിന്നുവേണ്ടിയും പ്രക്ഷോഭണം നടത്തിവരുന്ന കാലം. ഹിന്ദുത്വത്തിന്റെ പേരിൽ അഖി ലേന്ത്യാ തലത്തിൽ ഒരു ഹൈന്ദവ മുന്നണിയുണ്ടാക്കാൻ ബി.ജെ.പി. യും സംഘപരിവാറും കിണഞ്ഞു പണിയെ ടുക്കുന്ന കാലം. മണ്ഡൽ കമ്മീഷന്റെ നിർദ്ദേശങ്ങൾ പിന്നോക്ക ജാതി ക്കാർക്ക് കൈവരുത്തുന്ന നേട്ടങ്ങളെ പറ്റി ദേശീയ മുന്നണിയും ഇടതുമുന്ന ണിയും കൂട്ടായി പ്രചരണം നടത്തുന്ന കാലം. വി.പി. സിങ്ങിന്റെ പ്രചരണ പരി പാടിയുടെ തുടക്കം കിഴക്കൻ യു.പി. യിലെ ഗൊരഖ്പൂരിലായിരുന്നു. മേൽപ്പ റഞ്ഞ ആക്രമണവും വി.പി. സിങ്ങിന്റെ വെല്ലുവിളിയും ഗൊരഖ്പൂരിലെ സമ്മേ ളനത്തിലാണുണ്ടായത്. ഹിന്ദുമഹാസ ഭാനേതാവായ മഹന്ത് അവൈദ്യനാഥാ യിരുന്നു അവിടത്തെ എം.പി. അദ്ദേഹ മാകട്ടെ, കയ്യൂക്കുള്ള വലിയൊരു അനു ചര സംഘത്തിന്റെ നേതാവുമായിരുന്നു.

വി.പി.സിങ്ങിന്റെ ഏറ്റവും വലിയ ഗുണങ്ങളിലൊന്ന് തത്വങ്ങളുടെ കാര്യ ത്തിൽ ഒരു വിട്ടുവീഴ്ചക്കും അദ്ദേഹം തയ്യാറാവില്ല എന്നതാണെന്ന് അക്കാ ലത്ത് വി.പി.സിങ്ങിന്റെ സഹചരനായി രുന്ന ശരദ് യാദവ് ഈ ലേഖകനോട് പറയുകയുണ്ടായി. പ്രതിയോഗികളെ അദ്ദേഹം നേരിട്ടുതന്നെ നേരിടും. (യാ ദവ് പിന്നീട് പലവഴിക്കുപോയി അവ സാനം ബി.ജെ.പി. പാളയത്തിലെത്തി യെന്നത് മറ്റൊരു കാര്യം. പക്ഷെ യാദവ് അന്നു പറഞ്ഞത് നൂറുശതമാ നവും ശരിയായിരുന്നു.)

അല്ലാഹാബാദിലെ ഒരു പ്രാദേശിക കോൺഗ്രസ് നേതാവെന്ന നിലക്ക് രാഷ്ട്രീയത്തിൽ കാലുകുത്തിയ കാല ത്തുതന്നെ വി.പി. സിങ് തത്വനിഷ്ഠക്ക് പ്രസിദ്ധനായിരുന്നു. 1980 ൽ യു.പി. യിലെ മുഖ്യമന്ത്രി സ്ഥാനത്തേക്ക് നിയോഗിക്കപ്പെട്ടപ്പോഴേക്കും അദ്ദേഹം "മിസ്റ്റർ ക്ലീൻ" എന്ന അപരനാമം നേടി ക്കഴിഞ്ഞിരുന്നു. കൊള്ളക്കാരെ അമർച്ച ചെയ്യുക എന്നതായിരുന്നു വി.പി. സിങ്ങിന്റെ നിയോഗം. എന്നാൽ മുഖ്യ മന്ത്രിപദമേറ്റ് രണ്ടുകൊല്ലം കഴിഞ്ഞപ്പോ ഴേക്കും വി.പി. സിങ്ങിന്റെ സഹോദര നെത്തന്നെ കൊള്ളക്കാർ കൊന്നു. ഇടംവലം നോക്കാതെ വി.പി. മുഖ്യമ ന്ത്രിപദം രാജിവച്ചു.

1984 ലെ ലോകസഭാ തിരഞ്ഞെടു പ്പിൽ കോൺഗ്രസ്സിന്ന് വൻ വിജയം കൈവന്നപ്പോൾ പ്രധാനമന്ത്രി രാജീ വ്ഗാന്ധി വി.പി. സിങ്ങിനെ കേന്ദ്രത്തി ലേക്ക് കൊണ്ടുവന്നു. ധനകാര്യമന്ത്രി യെന്ന നിലയിൽ വി.പി. സിങ്ങ് നികു തിവെട്ടിപ്പുകാർക്കെതിരെ ഒരു വേട്ട തന്നെ ആരംഭിച്ചു. റിലയൻസ് പോ ലെയുള്ള വൻകിട കമ്പനികളെല്ലാം വേട്ടക്കിരയായി. തന്മൂലം വി.പി.

സിങ്ങിനെ ദേശരക്ഷാമന്ത്രിയാക്കി മാറ്റി നിയമിച്ചു. ബോഫേഴ്സ് പ്രശ്നത്തെ ത്തുടർന്ന് മന്ത്രിസഭയിൽനിന്നും കോൺഗ്രസ്സിൽനിന്നും വി.പി. രാജിവ ച്ചു.

തുടർന്ന് വ.പി. സിങ്ങ് യുവമോർച്ച എന്നൊരു സംഘടനയുണ്ടാക്കി. അതി ന്നൊരു ഘടനയോ സംവിധാനമോ ഒന്നുമുണ്ടായിരുന്നില്ലെങ്കിലും അത് കോൺഗ്രസ്സ് വിരുദ്ധരുടെയെല്ലാം കേന്ദ്രബിന്ദുവായി. ജനമോർച്ച ജനതാ ദളമായിമാറി. ഡി.എം.കെ; തെലുങ്കു ദേശം തുടങ്ങിയ ഒട്ടേറെ കക്ഷികളെ കൂട്ടിയിണക്കി ദേശീയമുന്നണിയുണ്ടാ ക്കിയാണ് ഇന്ത്യയിലെ രണ്ടാമത്തെ കോൺഗ്രസ്സിതര ഗവർമ്മേണ്ട് രൂപീക രിച്ചത്. പക്ഷെ കഷ്ടിച്ചൊരു കൊല്ലമേ ഈ ഗവർമ്മേണ്ട് നിലനിന്നു ള്ളൂ. ഇക്കാലത്താണ് മണ്ഡൽ കമ്മീ ഷൻ റിപ്പോർട്ട് നടപ്പാക്കിയത്. ഇതിൽ ഒരു വിട്ടുവീഴ്ചക്കും തയ്യാറാകാത്തതി നാൽ ബി.ജെ.പി. അതിന്റെ പിൻതുണ പിൻവലിക്കുകയും ഗവർമ്മേണ്ട് തകരു കയും ചെയ്തു.

രാഷ്ട്രീയ രംഗത്തും ഭരണ രംഗത്തും വി.പി. സിങ് നൽകിയ സംഭാവനകൾ ഏറെയാണ്. കൊള്ളക്കാരുടെ നാടെന്ന് കുപ്രസിദ്ധി നേടിക്കഴിഞ്ഞിരുന്ന യു.പി. യിലെ കൊള്ളക്കാരെ അമർച്ച ചെയ്ത താണ് അതിലൊന്ന്. കേന്ദ്ര ധനകാര്യ മന്ത്രിയായിരിക്കെ ഇന്ത്യയിലെ വ്യവ സായ പ്രമുഖർക്ക് മൂക്കുകയറിട്ടതാണ് മറ്റൊന്ന്. പ്രധാനമന്ത്രിയെന്ന നിലയിൽ പഞ്ചാബിലെ അസ്വാസ്ഥ്യങ്ങൾക്ക് അറുതിവരുത്തിയതാണ് മറ്റൊന്ന്. എന്നാൽ വി.പി.സിങ്ങിന്റെ സംഭാവന കൾക്കെല്ലാം മകുടം ചാർത്തുന്നത് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാ ക്കാനുള്ള തീരുമാനമാണ്. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം ഇന്ത്യൻ രാഷ്ട്രീയ രംഗത്തുണ്ടായ ഏറ്റവും വലിയ വിപ്ലവ മാണത്. "മറ്റു പിന്നോക്ക സമുദായങ്ങ ളുടെ രാഷ്ട്രീയവും സാമൂഹ്യവുമായ അധികാര ശക്തി കെട്ടഴിച്ചുവിട്ട സംഭ വമാണത്. പിന്നീടതിനെ പിടിച്ചു കെട്ടാൻ ആർക്കും സാധിച്ചിട്ടില്ലെന്നല്ല, പിന്നോക്ക സമുദായങ്ങൾ കൂടുതൽ കൂടുതൽ സാമൂഹ്യനീതിക്കുവേണ്ടി ശബ്ദമുയർത്താനും തുടങ്ങിയിരിക്കു ന്നു. സമൂഹത്തിലും രാഷ്ട്രീയത്തിലും ഭരണകൂടത്തിലുമെല്ലാം കൂടുതൽ പങ്ക് ലഭിക്കുന്നതിന്ന് അവരിന്നു പോരാടി ക്കൊണ്ടിരിക്കുന്നു.

ദീർഘകാലമായി അലമാരയിൽ പൂട്ടി വച്ചിരുന്ന മണ്ഡൽ കമ്മീഷന്റെ റിപ്പോർട്ട് നടപ്പാക്കാനുള്ള വി.പി. സിങ്ങിന്റെ തീരുമാനവും തുടർന്നു ണ്ടായ രാഷ്ട്രീയ സംഭവങ്ങളും തങ്ങ ളുടെ അവകാശങ്ങൾ ലഭിച്ചേ തീരൂ എന്നു പിന്നോക്ക സമുദായങ്ങൾ ശഠി ക്കുന്ന ഒരു പ്രതിഭാസം ഇന്ത്യയിലാകെ ഉണ്ടാക്കി. വാസ്തവത്തിൽ വി.പി. സിങ് അഴിച്ചുവിട്ട ഈ ശക്തികളുടെ ആഘാതം മൂലം മന്ത്രിമാരിൽ മിക്ക വരും പിന്നോക്ക സമുദായക്കാരായി.

വി.പി. സിങ്ങിന്റെ നേതൃത്വത്തിൻ കീഴിൽ അഴിച്ചുവിടപ്പെട്ട സാമൂഹ്യ-രാ ഷ്ട്രീയ ശക്തികളുടെ മുന്നേറ്റം വി. പി. സിങ്ങിന് വ്യക്തിപരമായ നേട്ടമൊ ന്നുമുണ്ടാക്കിയില്ല. അദ്ദേഹം ഒരുവിധ അധികാര സ്ഥാനവും സ്വീകരിച്ചതുമി ല്ല. 1996ൽ നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള ഗവർമ്മേണ്ട് തോറ്റ തിനെത്തുടർന്ന്, അന്നത്തെ ഐക്യമു ന്നണി വി.പി. സിങ്ങിനെ പ്രധാനമന്ത്രി പദമേൽക്കാൻ ക്ഷണിച്ചതായിരുന്നു. അദ്ദേഹം അത് സ്വീകരിച്ചില്ലെന്നല്ല, ഐക്യമുന്നണിയെ പ്രേരിപ്പിച്ച് ദേവഗൗ ഡയെ പ്രധാനമന്ത്രിയാക്കുകയും ചെയ്തു. കോൺഗ്രസ് പിൻതുണ പിൻവലിച്ചപ്പോൾ ദേവഗൗഡയുടെ ഗവർമ്മേണ്ട് തകർന്നു. അപ്പോൾ ഗുജ റാലിനെ പ്രധാനമന്ത്രിയാക്കാൻ മുന്നി ട്ടുനിന്നത് വി.പി. സിങ്ങായിരുന്നു.

# പൗരസ്വാതന്ത്ര്യം അമൂല്യമാണ് – കോടതി

ഭരണഘടനയുടെ 21-ാം അനുച്ഛേദം പൗരന്റെ ജീവനും സ്വാതന്ത്ര്യത്തിന്നും ഉറപ്പുനൽകുന്നു. ഒരാളുടെ സൽപേര് എന്നത് ജീവിക്കാനുള്ള അവകാശത്തിന്റെ ഒരു ഭാഗമാണ്. അതിനാൽ നിയമവിരുദ്ധമായ തടങ്ങൽ, അറസ്റ്റിന്നു മുമ്പുതന്നെ അസാധുവാക്കാവുന്നതാണ് എന്ന് സുപ്രീംകോടതിയിൽ ജ: അൽത്താമസ് കബീറും ജ: മാർക്കാണ്ഡേയ കാട്ജൂവു മടങ്ങിയ ബഞ്ച് വിധിച്ചു.

മുംബായിലെ സമ്പന്നനായ ഒരു വ്യാപാരിക്കെതിരെ പുറപ്പെടുവിച്ച തടങ്ങൽ തടവുകല്പനക്കെതിരെ അയാൾ നേരിട്ട് സുപ്രീംകോടതിയിൽ ഹർജി സമർപ്പിക്കുകയാണുണ്ടായത്. ഒരാളെ നിയമവിരുദ്ധമായി തടങ്ങലിൽവച്ചാൽ അതിന്നെതിരെ ഹേബിയസ് കോർപ്പസ് ഹർജി സമർപ്പിക്കാൻ അവകാശമുണ്ട്. പക്ഷെ അതിന്ന് ആദ്യംതന്നെ അറസ്റ്റ് നടത്തിയിരിക്കണം. അറസ്റ്റ് ➡

---

എന്നാൽ മണ്ഡൽ വക്താക്കളുടെ രാഷ്ട്രീയത്തിൽ വി.പി. സിങ് അസന്തുഷ്ടനായിരുന്നു. പല പിന്നോക്ക സമുദായങ്ങൾക്കും സ്വന്തമായി രാഷ്ട്രീയകക്ഷിയുണ്ട്. പക്ഷെ ഒന്നിനും ശരിയായൊരു സംവിധാനമില്ല; ആഭ്യന്തര ജനാധിപത്യവുമില്ല. ഈ സംഘടനകളുടെയെല്ലാം ഘടനാരീതി സാമൂഹ്യ നീതിക്ക് വിരുദ്ധമായതാണ് എന്ന് വി.പി. സിങ് ഒരിക്കൽ പറയുകയുണ്ടായി.

ഗുജറാലിന്റെ ഗവർമ്മേണ്ട് തകരുകയും 1998 ലെ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്തപ്പോഴേക്കും വി.പി. സിങ്ങിന്ന് അർബുദബാധയുള്ളതായി തെളിഞ്ഞിരുന്നു. ആഴ്ചയിൽ രണ്ടോ മൂന്നോ തവണ ഡയാലിസിസ്സിന്ന് വിധേയനാകണമെന്നുവന്നു. അതോടെ അദ്ദേഹം സജീവമായ പൊതുജീവിതത്തിൽ നിന്ന് പിൻതിരിഞ്ഞുവെങ്കിലും അദ്ദേഹത്തിന്റെ രാഷ്ട്രീയ ശ്രദ്ധ കുറഞ്ഞിരുന്നില്ല. ബി. ജെ.പി. യുടെ നേതൃത്വത്തിലുള്ള മുന്നണി അധികാരത്തിൽ വന്നതോടെ വി.പി. സിങ്ങിന്റെ കോൺഗ്രസ് വിരോധം കുറയുകയും ഹിന്ദുത്വത്തിന്റെ വേലിയേറ്റത്തിന്നെതിരെ പ്രവർത്തിക്കുകയും ചെയ്തു തുടങ്ങി.

വാജ്പേയിയുടെ നേതൃത്വത്തിലുള്ള എൻ.ഡി.എ ഗവർമ്മേണ്ടിനെ വർഗ്ഗീയ രാഷ്ട്രീയത്തിന്റെ ഉദയത്തിന്റെ പ്രതീകമായിട്ടാണ് വി.പി. സിഗ് കണ്ടിരുന്നത്. 2004 ലെ തിരഞ്ഞെടുപ്പിൽ അദ്ദേഹം പരസ്യമായിത്തന്നെ കോൺഗ്രസ്സിനെ പിന്താങ്ങി. പക്ഷെ യു.പി.എ ഗവർമ്മേണ്ട് അനുവർത്തിച്ച സാമ്പത്തിക നയങ്ങൾ അദ്ദേഹത്തെ ഖിന്നനാക്കി.

വി.പി. സിങ് ഒരു രാഷ്ട്രീയക്കാരൻ മാത്രമായിരുന്നില്ല. അദ്ദേഹത്തിന്റെ ഒരു കവിതാ സമാഹാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. നല്ലൊരു ചിത്രകാരനാണദ്ദേഹം. പൂക്കളേയും ചെടികളേയും പക്ഷികളേയും മൃഗങ്ങളേയും അതിരറ്റു സ്നേഹിച്ചിരുന്ന ഒരാളായിരുന്നു അദ്ദേഹം.

(വെങ്കിടേശ് രാമകൃഷ്ണൻ ഫ്രണ്ട് ലൈനിൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ സംഗ്രഹം)

❑

ചെയ്യപ്പെടാത്ത ഒരാൾക്ക് ഹേബിയസ് കോർപ്പസ് ഹർജിയുമായി കോടതിയെ സമീപിക്കാനാവില്ല എന്ന വാദത്തെയാണ് സുപ്രീം കോടതി ഇപ്പോൾ തിരസ്കരിച്ചിരിക്കുന്നത്.

തനിക്കെതിരായ തടങ്ങൽ കൽപ്പന നിയമ വിരുദ്ധമാണെന്ന് ഒരാൾക്ക് കോടതിയെ ബോധിപ്പിക്കാൻ കഴിയുമെങ്കിൽ, അയാൾ ജയിലിൽ പോകണമെന്ന് എന്തിന്നു നിർബ്ബന്ധിക്കണം. തടങ്ങൽ കൽപ്പന നിയമവിരുദ്ധമാണെങ്കിലും ഒരാളെ ജയിലിൽ പോയശേഷമേ വിട്ടയക്കൂ എന്നു പറയുന്നത് നിരർത്ഥകമാണെന്ന് കോടതി ചൂണ്ടിക്കാട്ടി.

ജീവനും സ്വാതന്ത്ര്യത്തിന്നും അവകാശം നൽകുന്ന 21-ാം അനുഛേദം ഭരണഘടനയിലെ മൗലികാവകാശങ്ങളിൽവച്ച് ഏറ്റവും മൗലികമായതാണ്. പൊതുതാൽപര്യം, രാജ്യത്തിന്റെ സുരക്ഷിതത്വം തുടങ്ങിയ കാരണങ്ങളാൽ മൗലികാവകാശങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്താവുന്നതാണെങ്കിലും, അതങ്ങനെ ലാഘവത്വത്തോടെ കൈകാര്യം ചെയ്യാവുന്നതല്ല. ഒരാളെ ജയിലിലടക്കുന്നപക്ഷം, പിന്നീടയാളെ വിട്ടയച്ചാൽപോലും അയാളുടെ സൽപേരിന്ന് തീരാകളങ്കം വന്നുചേരും. 21-ാം അനുഛേദപ്രകാരം ഒരാൾക്ക് സിദ്ധിക്കുന്ന സ്വാതന്ത്ര്യം അമൂല്യമായൊരു മൗലികാവകാശമാണ്. ആത്മാഭിമാനമുള്ള ഒരാളെ സംബന്ധിച്ചിടത്തോളം ദുഷ്പേര് എന്നത് മരണത്തേക്കാൾ ഭയാനകമാണെന്ന് ഗീതയിൽ പറയുന്നുണ്ടെന്ന് കോടതി ചൂണ്ടിക്കാട്ടി.

ഒരാൾക്കെതിരെ തടങ്ങൽ തടവു നിയമമനുസരിച്ചു കൽപ്പന പുറപ്പെടുവിക്കുകയും, അയാൾ ആ കൽപ്പന നടപ്പാക്കുന്നതിന്നു മുമ്പുതന്നെ കോടതിയിലെത്തി ഈ കൽപ്പന നിയമവിരുദ്ധമാക്കണമെന്ന് സ്ഥാപിക്കുകയും ചെയ്താൽ, കോടതിക്ക് കണ്ണടച്ചിരിക്കാനാവില്ല. നിയമവിരുദ്ധമായ തടങ്ങലുണ്ടെങ്കിൽ മാത്രമേ റിട്ട് ഹർജി പരിഗണിക്കാൻ കഴിയൂ എന്ന പ്രോസിക്യൂഷന്റെ വാദത്തോട് തങ്ങൾക്ക് യോജിപ്പില്ലെന്ന് കോടതി വ്യക്തമാക്കി.

ഭരണഘടന പൗരന്മാർക്കനുവദിച്ചിട്ടുള്ള മഹത്തായൊരു വ്യവസ്ഥാപിത ആനുകൂല്യമാണ് പ്രസിദ്ധമായ റിട്ട് ഹർജി. സമൂഹ സ്വാതന്ത്ര്യത്തിനുള്ള ഒന്നാമത്തെ ഉറപ്പാണത്. ഈ അമൂല്യാവകാശങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത എല്ലാ ചരിത്രവും എല്ലാ മാനുഷികാവകാശങ്ങളും നമ്മെ പഠിപ്പിക്കുന്നുണ്ട്. നമ്മുടെ ഭരണഘടനാ നിർമ്മാതാക്കൾ ഒരുപാട് ദുരിതങ്ങൾ അനുഭവിച്ചവരാണ്. ഒരു വിദേശ ഭരണകൂടം നമ്മുടെ പൗരന്മാരുടെ മനുഷ്യാവകാശങ്ങൾ ചവിട്ടിമെതിക്കുന്നത് കണ്ടവരാണവർ എന്ന് കോടതി ഓർമ്മിപ്പിച്ചു.

ഡി.ജി. ബജാജ് എന്ന ഒരു ബിസിനസ്സുകാരന്നെതിരെ കഴിഞ്ഞ മേയ് 22ന്ന് മഹാരാഷ്ട്ര ഗവർമ്മേണ്ട് കള്ളക്കടത്തു നിരോധന നിയമപ്രകാരം ഒരു തടങ്ങൽ കൽപ്പന പുറപ്പെടുവിച്ചു. ബജാജ് ഇതിന്നെതിരായി നേരിട്ട് സുപ്രീം കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ഗവർമ്മേണ്ടിന്റെ കൽപ്പന നടപ്പാക്കിയാൽ തന്റെ സൽപേരിന്ന് എന്നന്നേക്കും മായാത്ത കളങ്കം വരുമെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. കോടതി അത് അംഗീകരിച്ച് മഹാരാഷ്ട്ര ഗവർമ്മേണ്ടിന്റെ കൽപ്പന അസാധുവാക്കി. ❑

# ഹിന്ദുത്വവും ബോംബിലേക്ക്

**- സൈക്കത് ദത്ത -**

മഹാരാഷ്ട്രത്തിലെ മലേഗവോണിൽ സെപ്തംബർ 29ന്ന് സിമിയുടെ ഓഫീസിന്നടുത്തുണ്ടായ സ്ഫോടനം സംബന്ധിച്ച് പ്രജ്ഞാസിങ് എന്ന സന്യാസിനിയേയും നാലു കൂട്ടാളികളേയും ഗുജറാത്തിൽനിന്ന് അറസ്റ്റ് ചെയ്തതോടെ, പൂന വീണ്ടും ശ്രദ്ധാകേന്ദ്രമായിരിക്കുന്നു. സ്ഫോടനത്തിൽ ആറുപേർ മരിച്ചു; നൂറോളം പേർക്ക് പരിക്കേറ്റു. സ്ഫോടനത്തിന്നുപയോഗിച്ച ബോംബ് വച്ചിരുന്നത് പ്രജ്ഞാസിങ്ങിന്റ ഉടമസ്ഥതയിലുള്ള ബൈക്കിലാണെന്ന് അറിഞ്ഞതോടെയാണ് കേസിന്ന് പെട്ടെന്ന് തുമ്പുണ്ടായത്.

പണ്ട് പെൻഷൻകാരുടെ വിശ്രമകേന്ദ്രമായിരുന്ന പൂന ഇന്നൊരു ബിസിനസ് കേന്ദ്രമാണ്. മുംബായിൽനിന്ന് കാർവഴി നാലുമണിക്കൂർകൊണ്ട് പൂനയിലെത്താം. മഹാരാഷ്ട്രത്തിന്റെ സാംസ്കാരിക കേന്ദ്രമായും വിദ്യാഭ്യാസകേന്ദ്രമായും പൂന അറിയപ്പെടുന്നു.

ഇതിൽനിന്നെല്ലാം വ്യത്യസ്തമായ ഒരു മുഖവും പൂനക്കുണ്ട്. സമരോത്സുകരായ ഹിന്ദു ദേശീയവാദികളുടെ താവളംകൂടിയാണത്. പടിഞ്ഞാറൻ മഹാരാഷ്ട്രത്തിൽ ചിതറി കിടന്നിരുന്ന ബ്രാഹ്മണ കുടുംബങ്ങൾക്ക് മഹാത്മാജിയുടെ വധത്തെത്തുടർന്ന് ചീത്തപ്പേരുണ്ടായി. ജനങ്ങളുടെ വെറുപ്പുമൂലം ഒട്ടേറെ ബ്രാഹ്മണ കുടുംബങ്ങൾ നാട് വിട്ട് പൂനയിൽ വന്നു താമസമാക്കി.

സെപ്തംബർ 29ന്ന് മലേഗവോണിലെ സിമി ഓഫീസിന്നടുത്തുണ്ടായ സ്ഫോടനത്തെക്കുറിച്ചുള്ള ഭീകരവിരുദ്ധ സേനയുടെ അന്വേഷണം പൂനയിലേക്ക് നീണ്ടപ്പോഴാണ് സാധ്വി പ്രജ്ഞയുടെ കൂട്ടുകാരായ നാലുപേരെ



പ്രജ്ഞാസിങ്

പിടികൂടിയത്. അവരിലൊരാൾ മിലിട്ടറി രഹസ്യാന്വേഷണ വകുപ്പിൽ സേവന മനുഷ്ഠിച്ചുവരുന്ന ലെഫ്: കേർണർ പുരോഹിത് ആണ്. ഒരു റിട്ടയേർഡ് മേജർ ഉപാധ്യായയും പിടിയിലായിട്ടുണ്ട്.

ഇവരെല്ലാം പൂനക്കാരാണെന്നല്ല, "അഭിനവഭാരത്" എന്ന സംഘടനയിൽ പെട്ടവരുമാണ്. പണ്ട് വീര സവർക്കർ രൂപീകരിച്ച അഭിനവ ഭാരതിന്റെ മാതൃകയിലുള്ളതാണ് ഇതും. സവർക്കറിന്റെ മരുമകന്റെ ഭാര്യയായ ഹിമാനിയാണ് പുതിയ അഭിനവ ഭാരതിന്റെ നാഷണൽ പ്രസിഡണ്ട്. മുംബായിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘടനയാണിതെങ്കിലും അഭിനവ ഭാരതിന്റെ പ്രവർത്തനമധികവും പൂനയിലാണ്. അവരുടെ ഒരു ലഘുലേഖയിൽ

"കഴിഞ്ഞ അനേകം നൂറ്റാണ്ടുകൾക്കിട യിൽ വധിക്കപ്പെട്ട ലക്ഷക്കണക്കിന്ന് ഹിന്ദുക്കൾക്കുവേണ്ടി പകപോക്കാൻ" ആവശ്യപ്പെട്ടിട്ടുണ്ട്. മധ്യപ്രദേശിലെ ഭോപ്പാൽ, റൈസൻ, വിദിഷ ജില്ലകളിൽ അഭിനവ ഭാരത് കൺവെൻഷൻ നടത്തി യതായി കാണുന്നുണ്ട്. ഇവയെല്ലാം മുസ്ലീമുകളെ "ധർമ്മശത്രു"ക്കളായി ചിത്രീകരിക്കാറുണ്ട്. മലേഗവോൺ സ്ഫോടനവുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യപ്പെട്ട റിട്ടയേർഡ് മേജർ ഉപാധ്യാ യയാണ് അഭിനവ ഭാരതിന്റെ വർക്കിങ് പ്രസിഡണ്ട്.

മഹാരാഷ്ട്രത്തിൽനിന്നും മധ്യപ്രദേ ശിൽ നിന്നുമുള്ള പല നേതാക്കളും പലതവണ കൂടിയാലോചിച്ചശേഷമാണ് പുതിയ അഭിനവ ഭാരതിന്ന് രൂപം നൽകിയത്. ഹിമാനി സവർക്കറെ ദേശീയ അധ്യക്ഷയാക്കി. സംഘടന യിൽ ഇപ്പോൾ ആകെ 500 അംഗങ്ങളു ണ്ടെന്ന് ഹിമാനി പറയുന്നു.

"അനീതിയോട് പൊരുതാനും ഭീക രപ്രവർത്തനങ്ങളെ നേരിടാനും" വേണ്ടി രൂപീകരിച്ച സംഘടനയാണെങ്കിലും ചില്ലറ അക്രമങ്ങളിലൂടെയാണ് അഭിനവ ഭാരത് ശ്രദ്ധാകേന്ദ്രമാകുന്നത്.



ഹിമാനി സവർക്കർ

കഴിഞ്ഞ ആഗസ്ത് 3ന്ന് ജബൽപൂരിലെ ഒരു ക്രിസ്ത്യൻ കുടുംബം ആക്രമിക്ക പ്പെട്ടു. അഭിനവ ഭാരതിന്റെ വൈസ് പ്രസിഡണ്ടിന്റെ നേതൃത്വത്തിലുള്ള ഒരു ജനക്കൂട്ടമാണ് ആക്രമണം നടത്തിയ തെന്ന് പറയപ്പെടുന്നു. മലേഗവോൺ സ്ഫോടന കാര്യത്തെപ്പറ്റി സാധ്വി പ്രജ്ഞയും രാമചന്ദ്ര എന്നൊരാളും തമ്മിൽ നടന്ന സംഭാഷണത്തിന്റെ ടേപ്പ് നവംബർ 3ന്ന് പോലീസ് ഹാജരാക്കു കയുണ്ടായി. പക്ഷെ ആ ടേപ്പ് കൃത്രി മമാണെന്ന് എതിർപക്ഷം വാദിക്കുന്നു.

സെപ്തംബർ 16ന്ന് നാസിക്കിലെ ഭോൺസാല മിലട്ടറി സ്കൂളിൽ അഭിനവ ഭാരത് ഒരു യോഗം നടത്തുന്നു. ഈ യോഗത്തിന്ന് സ്കൂൾ അനുവദിക്കുന്ന തിന്നായി അപേക്ഷ സമർപ്പിച്ചത് ലെഫ്: കേർണൽ പുരോഹിത് തന്നെയാണ്. ഈ സംഘടനയെപ്പറ്റി തങ്ങൾക്ക് കാര്യമായൊന്നും അറിയി ല്ലെങ്കിലും, അനീതിക്കെതിരെ പൊരു തുന്ന ഒരു സംഘടനയായിട്ടാണ് അത റിയപ്പെട്ടിരുന്നതെന്ന് സ്കൂൾ ഭരണ സമിതിയുടെ സെക്രട്ടറിയായ ഡി.കെ. കുൽക്കർണി പറയുന്നു. 160 ഏക്കർ വിസ്തീർണമുള്ളതാണ് ഭോൺസാലെ സ്കൂൾ. മതപഠനത്തിന്നും ഇവിടെ പ്രാധാന്യം നൽകുന്നുണ്ട്. സ്കൂൾ കാമ്പസിന്റെ പേര് രാമഭൂമി എന്നാണ്. സ്കൂളിലെ പല പരിപാടികളിലും ലെഫ് കർണൽ പുരോഹിത് പങ്കെടു ക്കാറുണ്ട്.

പട്ടാളത്തിൽനിന്ന് സ്വയം വിരമിച്ച കർണൽ റായ്ക്കറാണ് ഭോൺസാല യുടെ പുതിയ കമാൻഡൻഡ്. പട്ടാള ത്തിൽനിന്ന് സ്വയം വിരമിക്കാൻ ഇദ്ദേഹം അപേക്ഷ നൽകിയിരുന്നു. പക്ഷെ സ്വയം വിരമിക്കാൻ ആർക്കും അനുമതി നൽകാത്ത കാലമായിരുന്നു അത്. കൗണ്ടർ ഇന്റലിജൻസ് സംബ ന്ധിച്ച ഒരു കോഴ്സിൽ പങ്കെടുക്കാൻ അമേരിക്കയിലേക്ക് നിയോഗിച്ചിരുന്ന ആളാണ് റായ്ക്കർ. അതുകൊണ്ടു

# ഭീകരതയുടെ മുഖങ്ങൾ

- പ്രവീൺ സ്വാമി -

ഇന്ത്യൻ മുജാഹിദിന്റെ പേരിൽ മുംബായിലെ പലർക്കും കഴിഞ്ഞ സെപ്തംബറിൽ ഒരു ഇ-മെയിൽ സന്ദേശം ലഭിക്കുകയുണ്ടായി - മേലിലുണ്ടാകുന്ന ആക്രമണങ്ങൾക്കെല്ലാം മുംബായിലെ ഭീകരവിരുദ്ധ സേന മാത്രമായിരിക്കും ഉത്തരവാദി എന്നാണതിൽ പറഞ്ഞിരുന്നത്. ഭീകരവിരുദ്ധ സേന മുംബായിലെ മുസ്ലീമുകളെ വേട്ടയാടുന്നു എന്നർത്ഥം.

ഇപ്പോഴിതാ, ഭീകരവിരുദ്ധ സേന അതേ ആരോപണത്തിന്ന് വീണ്ടും വിധേയമായിരിക്കുന്നു- ഇത്തവണ ഹിന്ദുത്വവാദികളാണ് ആക്ഷേപം ഉന്നയിച്ചിരിക്കുന്നതെന്ന വ്യത്യാസമേയുള്ളൂ.

കഴിഞ്ഞ സെപ്തംബർ 29 ന്ന് മലേഗവോണിലെ "സിമി" ഓഫീസിന്നടുത്തുണ്ടായ ഒരു സ്ഫോടനത്തിൽ ആറു മുസ്ലീമുകൾ മരിച്ചിരുന്നു. ഇതു സംബന്ധിച്ചുള്ള അന്വേഷണത്തിൽ ഗുജറാത്തിൽനിന്ന് സാധ്വി പ്രജ്ഞ സിങ്ങിനേയും നാലു സഹപ്രവർത്തകരേയും കസ്റ്റഡിയിലെടുത്തിരുന്നു. ഇതാണ് ഹിന്ദുത്വ വക്താക്കളുടെ അരിശത്തിന്ന് പാത്രമായിരിക്കുന്നത്.

ഭീകരവിരുദ്ധ ചർച്ചയിൽ ഇന്ത്യക്കാർ കാണിക്കുന്ന ഇരട്ടത്താപ്പിന്റെ, ആത്മവഞ്ചനയുടെ ഒരു ഉദാഹരണമാണിത്. സാധ്വി പ്രജ്ഞക്കെതിരെ ഒരു തെളിവുമില്ലെന്ന് വല്ലവരുമല്ല, ബി.ജെ.പി. പ്രസിഡണ്ട് രാജനാഥ് പറയുന്നു. മുസ്ലീമുകളിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്യുമ്പോൾ മുസ്ലീം നേതാക്കൾ പറയുന്ന അതേ ഭാഷ തന്നെയാണിത്. "കപട മതേതരത്വവാദികളുടെ ഹൈന്ദവ വേട്ട" എന്നാണ് ബി.ജെ.പി. വക്താവായ രവിശങ്കർ പ്രസാദ് പറഞ്ഞത്. ശിവസേനാ നേതാവായ ബാൽതാക്കറെ ഒരു പടികൂടി കടന്നുപോയി. മുസ്ലീമുകൾ നടത്തുന്ന ഭീകര പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം ഹിന്ദുക്കളുടെ തലയിൽ കെട്ടിയ്ക്കുന്നു എന്നാണദ്ദേഹം പറഞ്ഞത് ചില ജിഹാദികളുടെ തന്ത്രം കടം വാങ്ങിക്കൊണ്ട് ഹിന്ദുത്വവക്താക്കൾ സാധ്വി പ്രജ്ഞയുടെ അഛനെ പത്രക്കാരുടെ മുമ്പിൽ കൊണ്ടുവന്ന് പ്രജ്ഞ നിരപരാധിയാണെന്ന് പറയിക്കുകയും ചെയ്തു.

മുസ്ലീം നേതാക്കളിൽനിന്നും ഹൈന്ദവ നേതാക്കളിൽനിന്നും ഒരുപോലെ ഭർത്സനമേൽക്കേണ്ടിവരുന്നതിനാൽ, ഭീകരവിരുദ്ധ സേനക്ക് തങ്ങൾ നേർവഴിക്കാണ് പോകുന്നതെന്നു സമാധാനിക്കാൻ കഴിയും.

ഹിന്ദുക്കളുടെ ഭീകരപ്രവർത്തനം എന്നു പറയുമ്പോൾ എന്താണതിൽ അത്ര അതിശയിക്കാനുള്ളത്. മഹാ ➡

---

തന്നെ അദ്ദേഹത്തിന്റ വിരമിക്കൽ അപേക്ഷ തള്ളേണ്ടതായിരുന്നു. മാത്രമല്ല, റിട്ടയർ ചെയ്യാൻ അനുമതി കിട്ടുന്നതിന്നു മുമ്പുതന്നെ അദ്ദേഹം ഭോൻസാലേയിൽ ചേരുകയും ചെയ്തു.

ആർ.എസ്.എസ്സുമായി വളരെ അടുത്ത ബന്ധം പുലർത്തുന്ന ഒരു സ്ഥാപനത്തിൽ ചേരാനാണ് റായ്കർ അപേക്ഷ സമർപ്പിച്ചിരുന്നതെന്നറിഞ്ഞിട്ടും പട്ടാള മേധാവിമാർ അതിന്നു തടയിട്ടില്ലെന്നത് ഭീതിജനകമാണ്. ❑



സാധ്വി പ്രജ്ഞയും ബി.ജെ.പി. നേതാക്കളും. രുദ്രാക്ഷമാല ധരിച്ചിരിക്കുന്ന ആളാണ് സാധ്വി പ്രജ്ഞ.

ത്മജിയുടെ വധവും അതിന്റെ പിന്നിലെ ചേതോവികാരവും നമ്മുടെ മുന്നിലുള്ളപ്പോൾ കൂടുതലൊന്നും പറയേണ്ടതില്ല.

ബോംബുണ്ടാക്കാനുള്ള വൈദഗ്ധ്യം നേടുകയും അത് പ്രയോജനപ്പെടുത്തുകയും ചെയ്ത ഒന്നാമത്തെ സംഘം സ്വാധി പ്രജ്ഞാ സിങ്ങിന്റേതാകാം. എന്നാൽ ആ വഴിക്കുള്ള ശ്രമമാരംഭിച്ചിട്ട് കൊല്ലം അഞ്ചെങ്കിലുമായിട്ടുണ്ടെന്നത് ഒരു വസ്തുതയാണ്.

ഭീകരപ്രവർത്തനത്തിനുള്ള ശേഷി കൈവരിക്കാൻ അവർ 2006 മുതൽക്കെങ്കിലും ശ്രമമാരംഭിച്ചിട്ടുണ്ട്. അക്കൊല്ലം നന്ദേദിൽ ബോംബ് നിർമ്മാണത്തിന്നിടയിൽ പൊട്ടിത്തെറിച്ച് ബജ്രംഗദളക്കാരായ നരേശ്, ഹിമാംശു എന്നീ രണ്ടു ചെറുപ്പക്കാർ മരിക്കുകയുണ്ടായി. 2006 ഏപ്രിലിൽ പർബാനി പള്ളിയിലുണ്ടായ സ്ഫോടനത്തിന്നുത്തരവാദികൾ ഇവരായിരുന്നുവെന്ന് പിന്നീട് തെളിഞ്ഞു. 2003 ഏപ്രിലിൽ പൂർണ പള്ളിയിലും ജൽന പള്ളിയിലുമുണ്ടായ സ്ഫോടനങ്ങൾക്കുത്തരവാദികളും ഇവരാണെന്ന് പോലീസ് തെളിയിച്ചു.

അധികമാരും ഇതൊന്നും ഗൗരവമായെടുത്തില്ലെങ്കിലും മഹാരാഷ്ട്ര പോലീസിന്ന്കാര്യം വ്യക്തമായിരുന്നു. ഭീകര വിരുദ്ധസേനയുടെ മുൻ തലവനായ കെ.പി. രഘുവംശി 2006 ൽ "കമ്യൂണലിസം കോംബാറ്റ്" എന്ന വർഗ്ഗീയതാ വിരുദ്ധ മാസികക്കു അനുവദിച്ച ഒരഭിമുഖ സംഭാഷണത്തിൽ "നന്ദേദ് സംഭവത്തിന്ന് ഭയാനകമായ പ്രത്യാഘാതങ്ങളുണ്ടാകാം" എന്നു പറയുകയുണ്ടായി "പൂജക്കുവേണ്ടി ആരും ബോംബുണ്ടാക്കാറില്ലല്ലോ" എന്ന് അദ്ദേഹം തറച്ച ഭാഷയിൽ ചോദിക്കുകയും ചെയ്തു.

കഴിഞ്ഞ ജൂണിൽ താനെയിലെ ഗഡകാരി രംഗായതൻ തിയ്യറ്ററിൽ ബൊംബെറിഞ്ഞതിന്ന് ഭീകരവിരുദ്ധ സേന പിടികൂടിയവരിലൊരാളായ മങ്കേശ് നിഗം, ക്രിസ്ത്യാനിയായി മതപരിവർത്തനം ചെയ്ത ഒരാളുടെ വീട്ടിൽ ബോംബെറിഞ്ഞതിന്ന് ജാമ്യത്തിൽ വിട്ട ആളായിരുന്നു. ഒക്ടോബറിൽ കാൻപൂരിൽ ബോംബു നിർമ്മാണത്തിന്നിടയിൽ പൊട്ടിത്തെറിച്ച് മരിച്ച രാജീവ് ഭൂപീന്ദർ എന്നിവർ ബജ്രംഗദളവുമായി ബന്ധപ്പെട്ടവരാണ്. പക്ഷെ അതൊരു പടക്കം പൊട്ടലായി എഴുതിത്തള്ളുകയാണുണ്ടായത്.

തക്കസമയത്ത് തടയിടാത്തപക്ഷം ഈ ഗ്രൂപ്പുകൾ ഇതിനേക്കാൾ മാരകമായ ആയുധങ്ങളുണ്ടാക്കാൻ പഠിക്കും. സ്വാധ്വി പ്രജ്ഞയും കൂട്ടുകാരും പെട്ടെന്ന് മുളച്ചുണ്ടായതല്ല. ചരിത്രത്തിൽ ഇവരുടെ വേര് അഗാധമാണ്. ഹിന്ദുത്വ വക്താവായ സാക്ഷാൽ സവർക്കർ 1904 മേയിൽ സ്ഥാപിച്ചതാണ് സാക്ഷാൽ അഭിനവഭാരത്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്നെതിരെ പോരാടുകയായിരുന്നു അതിന്റെ ലക്ഷ്യം. റഷ്യൻ സാമ്രാജ്യത്തിന്റെ മേൽ ഭീകരപ്രവർത്തനം ഏല്പിച്ച ആഘാതംകണ്ട് ബാലഗംഗാധരതിലകൻ ആ വഴിക്ക് ആകർഷിക്കപ്പെട്ടു. 1905 ലെ റഷ്യൻ വിപ്ലവം ജനങ്ങൾക്ക് പൗരാവകാശം അനുവദിക്കാൻ റഷ്യൻ ചക്രവർത്തിയെ നിർബ്ബന്ധിതനാക്കി. അന്ന് തിലകനെഴുതിയ ഒരു ലേഖനത്തിൽ പ്രാർത്ഥനയുടെ കാലം കഴിഞ്ഞുവെന്നും അയർലാൻഡ്, ജപ്പാൻ, റഷ്യ എന്നിവയെകണ്ടു പഠിക്കണമെന്നും ആഹ്വാനം ചെയ്തു. തിലകന്റെ സന്ദേശം ഒട്ടേറെ ഇന്ത്യക്കാരെ ആകർഷിച്ചു; പ്രത്യേകിച്ചും പാശ്ചാത്യ വിദ്യാഭ്യാസം നേടാൻ ഭാഗ്യമുണ്ടായവരെ.

പിന്നീട് ഹിന്ദുമഹാസഭയുടേയും ആർ.എസ്.എസ്.ന്റേയും നേതാവായിത്തീർന്ന സവർക്കർക്ക് ബ്രിട്ടനെതിരായ സമരം ഹിന്ദുത്വം സംരക്ഷിക്കാനുള്ള സമരമായി മാറി. വലതുപക്ഷ മാസികയായ "യുഗാന്തർ" ഒരിക്കൽ "ഇന്ത്യയിലെ വിദേശികളെ കൊല്ലുന്നത് പാപമല്ലെന്നും, അതൊരു യജ്ഞമാണെ" ന്നും എഴുതി. തിലകന്റെ ആഹ്വാനത്തെ പിൻതുടരാൻ ചില ചെറുപ്പക്കാർ ശ്രമിച്ചുവെങ്കിലും അതൊന്നും കാര്യമായ ആഘാതമുണ്ടാക്കിയില്ല. 1909ൽ മൊണ്ടാഗുവിന്റെ രാഷ്ട്രീയ കാര്യ സെക്രട്ടറിയായ വില്യം വൈലിയെ വധിച്ച സംഭവത്തിന്നു ശേഷം വലതുപക്ഷ തീവ്രവാദികൾ അടങ്ങിയൊതുങ്ങികഴിഞ്ഞു. സവർക്കറുടെ സഹപ്രവർത്തകനും ഹിന്ദുത്വവാദിയുമായ ബി.എസ്. മുഞ്ചെ 1937ൽ നാസിക്കിൽ ഭോൻസാല മിലിട്ടറി സ്കൂൾ സ്ഥാപിച്ചു. (ഈ സ്ഥാപനത്തിന്ന് ഇന്ത്യൻ സൈന്യവുമായി ഒരു ബന്ധവുമില്ല)

ലാഷ്കർ ഇ തൈബയുടെ തലവനായ ഹാഫിസ് മൊഹമ്മദ് സമീദ് ഇന്ത്യാ വിഭജനകാലത്ത് ഒരു ബാലനായിരുന്നു. അദ്ദേഹത്തിന്റെ കുടുംബം സിംലയിൽനിന്നും ലാഹോറിലേക്ക് പലായനം ചെയ്യുന്നതിന്നിടയിൽ പലരും കൊല്ലപ്പെട്ടു. അന്നത്തെ കാഴ്ചകളും അനുഭവങ്ങളുമാണ് അദ്ദേഹത്തെ ഇന്ത്യാവിരോധിയും ഇന്ത്യക്കാരെ എതിർക്കുന്നവനുമാക്കിയത്. ഇന്ത്യയുടെ ഭാവിയിൽ ഉൽക്കണ്ഠയുണ്ടെന്നു പറയുന്ന ബി.ജെ.പി. നേതാക്കൾ തങ്ങൾക്കിടയിലുള്ള കൊലപാതകികളെ നിസ്സംശയമായും അപലപിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ ലാഷ്കർ ആഗ്രഹിക്കുന്ന ഹിന്ദു-മസ്ലീം യുദ്ധം യാഥാർത്ഥ്യമായേക്കും.

(ഹിന്ദുവിൽനിന്ന്) ❑

# എന്താണീ നന്ദേദ് കേസ്?

മഹാരാഷ്ട്രത്തിലെ മരാമത്തുവകുപ്പിൽനിന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറായി റിട്ടയർ ചെയ്ത ലക്ഷ്മൺ രാജ് കൊണ്ട്വറിന്റെ നന്ദേദിലെ വീട്ടിൽ 2006 ഏപ്രിലിൽ ഒരു സ്ഫോടനമുണ്ടായി. അതൊരു പടക്കം പൊട്ടിയതാണെന്നു പറഞ്ഞ് മൂടി വയ്ക്കാനാണ് പോലീസ് ആദ്യം ശ്രമിച്ചത്. ലക്ഷ്മണന്റെ മകൻ നരേശ്, ബജരംഗദളം നേതാവായ ഹിമാംശു പാംസെ എന്നിവർ ഈ സ്ഫോടനത്തിൽ കൊല്ലപ്പെട്ടു. സംഭവസ്ഥലത്തുണ്ടായിരുന്ന മാരുതി, യോഗേശ്, ഗുരുരാജ്, രാഹുൽ എന്നീ ചെറുപ്പക്കാർക്ക് ഗുരുതരമായ പരിക്കേൽക്കുകയും ചെയ്തു. ഹിന്ദുത്വം ഭീകരപ്രവർത്തനത്തിലേക്ക് തിരിയുന്നതിന്റെ ആദ്യത്തെ സൂചനയായിരുന്നു അത്.

അറസ്റ്റ് ചെയ്യപ്പെട്ട രാഹുലിനെ നർക്കോ പരിശോധനക്ക് വിധേയനാക്കിയപ്പോൾ ഹിമാംശു പാംസെ ഒരു സജീവ ബജരംഗ്ദള പ്രവർത്തകനും ആർ.എസ്.എസ്. വിശ്വഹിന്ദു പരിഷത്ത് എന്നിവയുമായി ബന്ധപ്പെട്ട ആളുമാണെന്ന് അറിഞ്ഞു. ജൽന, പൂർണ, പർബാനി എന്നിവിടങ്ങളിൽ ബോംബ് സ്ഫോടനം നടത്താനായിരുന്നു ഹിമാംശുവിന്റെ പ്ലാനെന്നും വ്യക്തമായി. ഹിമാംശു നാഗപ്പൂരിന്നടുത്ത ഭോൻസാല മിലിട്ടറി സ്കൂളിൽ ഒരു പരിശീലന ക്ലാസ് നടത്തിയിരുന്ന കാര്യവും തെളിഞ്ഞു. പക്ഷെ ഭീകരവിരുദ്ധസേന ഇതൊന്നും കാര്യമായെടുത്തില്ല.

2006 ഏപ്രിലിൽ നടന്ന ഈ സ്ഫോടനക്കേസ് മേയിലാണ് ഭീകരവിരുദ്ധ സേനക്ക് കൈമാറുന്നത്. അവർ ആഗസ്ത് 24ന്ന് ഒരു കേസ് ചാർജ് ചെയ്തു. അന്ന് ഈ കേസ് ഗൗരവത്തിലെടുത്തിരുന്നുവെങ്കിൽ പിന്നീടുണ്ടായ പല ദുരന്തങ്ങളും ഒഴിവാക്കാമായിരുന്നു.

ഹിമാംശുവും രാഹുലും ചേർന്ന് ഒരു ജിംനേഷ്യം ആരംഭിച്ചിടത്തുനിന്നായിരുന്നു തുടക്കം. മുസ്ലീം ഭീകരപ്രവർത്തനങ്ങൾക്കെതിരെ ഹിന്ദുക്കളെ സംഘടിപ്പിക്കലായിരുന്നു അതിന്റെ ലക്ഷ്യം. മാരുതി, യോഗേശ്, രാഹുൽ എന്നിവർ പൂനക്കടുത്തുള്ള ആകാംക്ഷ റിസോർട്ടിൽ പരിശീലത്തിന്നുപോയി. ബോംബ് നിർമ്മാണമാണ് അവിടെ പഠിപ്പിച്ചത്. മിഥുൻ ചക്രവർത്തി എന്നൊരാളായിരുന്നു പഠിപ്പിച്ചിരുന്നത്. രാഹുലും മാരുതിയും ഭോൻസാലെ സ്കൂളിൽ 40 ദിവസത്തെ ഒരു കോഴ്സിൽ പരിശീലനം നേടി.

നന്ദേദ്, പർബാനി, പൂർണ എന്നിവിടങ്ങളിലെ ബോംബ് സ്ഫോടനത്തിന്ന് ഉത്തരവാദി ഹിമാംശുവായിരുന്നു. വാസ്തവത്തിൽ ഔറംഗാബാദിലെ ഒരു പള്ളിയിൽ ബോംബ് വയ്ക്കാൻ തയ്യാറെടുക്കുന്നതിന്നിടയിലുണ്ടായ പൊട്ടിത്തെറിയിലാണ് ഹിമാംശു കൊല്ലപ്പെട്ടത്.

2006ൽ ഭീകരവിരുദ്ധ സേന 21 പേർക്കെതിരെ കുറ്റപത്രം തയ്യാറാക്കിയെങ്കിലും പിന്നീടത് ഏഴുപേർക്കായി കുറച്ചു. പിന്നീട് നന്ദേദ് പൊട്ടിത്തെറിയുടെ നേരത്ത് സന്നിഹിതരായിരുന്ന നാലുപേരെ കൂടി പ്രതികളാക്കി. ഭീകരവിരുദ്ധസേന നേർവഴിക്ക് പോകുന്നില്ലെന്ന് വ്യാപകമായി ആക്ഷേപമുണ്ടായതിനെത്തുടർന്ന് കേസ് സി.ബി.ഐ.ക്കു കൈമാറി. പക്ഷെ ഇവർ സ്ഫോടനമുണ്ടായ വീടിന്റെ ഉടമസ്ഥനെ കേസിൽനിന്ന് ഒഴിവാക്കുകയാണ് ചെയ്തത്. ബാക്കിയുള്ളവർക്കെതിരെ "നിയമവിരുദ്ധ പ്രവർത്തന"മെന്ന വകുപ്പു പ്രകാരമോ ഗൂഡാലോചന നടത്തിയതിന്നോ കേസെടുത്തിട്ടുമില്ല.

ഇതിനെതിരെ പൊതുപ്രവർത്തകയായ ടീസ്റ്റ സെത്തൽവാദ് സുപ്രീംകോ

ടതിയിൽ ഹർജി സമർപ്പിച്ചിട്ടുണ്ട്. കേസ് ഭീകരവിരുദ്ധ സേനക്കുതന്നെ കൈമാറണമെന്ന് അവർ ആവശ്യപ്പെടുന്നു. 2008 ഫെബ്രുവരിയിൽ നന്ദേദ് ജില്ലാ കോടതിയിൽ സി.ബി.ഐ. സമർപ്പിച്ച കുറ്റപത്രം സ്റ്റേ ചെയ്യണമെന്നും അവർ ആവശ്യപ്പെട്ടിട്ടുണ്ട്.

2006 ഏപ്രിലിൽ ഉണ്ടായ സ്ഫോടനം പോലെതന്നെ ഉഗ്രമായൊരു സ്ഫോടനം 2007 ഫെബ്രുവരിയിലുമുണ്ടായി. ഇത്തവണ ഒരു ബേക്കറിക്കകത്തായിരുന്നു സ്ഫോടനം. ഒരു ശിവസേനാംഗമടക്കം രണ്ടുപേർ അതിൽ മരിച്ചു. പോലീസ് പറയുന്നത് അതൊരു അഗ്നിബാധയായിരുന്നുവെന്നാണ്. എന്നാൽ റിട്ടയേഡ് ജഡ്ജി ബി.ജി. ഖൊൽസെ പട്ടീലിന്റെ നേതൃത്വത്തിലുള്ള ഒരു പൗരാവകാശ സമിതി പല സംശയങ്ങളും ഉന്നയിച്ചിട്ടുണ്ട്. പ്രശ്നം ഇപ്പോൾ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെയാണ് . ഗവർമ്മേണ്ടാകട്ടെ അത് ഭീകരവിരുദ്ധ സേനക്കും വിട്ടിരിക്കുന്നു.

ഒരു കാര്യം വ്യക്തം. 2006 ലെ നന്ദേദ് സ്ഫോടനം സംബന്ധിച്ച തെളിവുകളുമായി അധികൃതർ മുന്നോട്ടുപോയിട്ടില്ല. 2007 ൽ ഉണ്ടായ സ്ഫോടനത്തെ 2006 ലെ സ്ഫോടനവുമായി ബന്ധപ്പെടുത്തി അന്വേഷണം നടന്നിട്ടുമില്ല. ഇക്കൊല്ലമുണ്ടായ മലേഗവോൺ സ്ഫോടനം അനേകം പേർക്കെതിരെ സംശയത്തിന്റെ മുന നീളുന്നുണ്ട്. അതിലൊരാൾ ഇന്ത്യൻ സൈന്യത്തിൽ സേവനമനുഷ്ഠിച്ചിരുന്ന ആളുമാണ്. സൈന്യത്തിൽ സേവനമനുഷ്ഠിക്കുന്ന ഒരാളെക്കുറിച്ച് ഭീകരനെന്ന സംശയമുദിക്കുന്നത് ചരിത്രത്തിൽ ഇതാദ്യമാണ്.

ഇപ്പോൾ പല സംസ്ഥാനങ്ങളിലും ഒരേ സമയം അന്വേഷണം നടക്കുന്നുണ്ട്. അധികൃതർക്ക് അൽപം ഗൗരവബുദ്ധി ഉണ്ടായതായും തോന്നുന്നുണ്ട്. റിട്ടയർ ചെയ്ത ഒരു മേജർ അറസ്റ്റിലായിക്കഴിഞ്ഞു. ഭീകരവിരുദ്ധ സേനക്ക് ഇപ്പോഴും മാന്ദ്യമുണ്ടെങ്കിലും ഹൈന്ദവ തീവ്രവാദികളുടെ നേരെയാണ് വിരൽ നീളുന്നത്. സാധ്വി പ്രജ്ഞാ സിങ് വിദ്യാർത്ഥി പരിഷത്തിലെ ഒരു സജീവാംഗമായിരുന്നു.

കഴിഞ്ഞ സെപ്തമ്പറിൽ ഭീകരവിരുദ്ധസേന ഒരു ഹിന്ദുമത സംഘടനയിൽപ്പെട്ട ആറുപേർക്കെതിരെ കുറ്റപത്രം തയ്യാറാക്കി സമർപ്പിച്ചിരുന്നു. ഠാനെ, പാനവേൽ, നവിമുംബായ് എന്നിവിടങ്ങളിലുണ്ടായ സ്ഫോടന പരമ്പര സംബന്ധിച്ചായിരുന്നു ഇത്. സനാതനസംഘം, ഹിന്ദുജനജാഗ്രതി സമിതി എന്നിവയിലെ അംഗങ്ങളാണിവർ. തങ്ങൾക്കതിൽ പങ്കൊന്നുമില്ലെന്ന് സനാതനസംഘം പറയുന്നുണ്ടെങ്കിലും അന്വേഷണം തുടരുകയാണ്. നന്ദേദിലെ സ്ഫോടനത്തെ പോലീസ് കാര്യമായെടുത്തിരുന്നുവെങ്കിൽ, പിന്നീടുണ്ടായവ ഒഴിവാക്കാമായിരുന്നു.

ഭീകരവിരുദ്ധസേനയുടെ ഇപ്പോഴത്തെ അന്വേഷണം വ്യാപകമാണ്. സർവ്വീസിലുള്ള ഒരു സൈനികോദ്യോഗസ്ഥനെത്തന്നെ അവർ ചോദ്യം ചെയ്യുന്നുവെന്നതല്ല മലേഗവോൺ സ്ഫോടനത്തിൽ ഉപയോഗിച്ച ആർ.ഡി.എക്സ് (RDX) എവിടെനിന്നു കിട്ടി എന്നുകൂടി അറിയേണ്ടതുണ്ട്.

ഇന്ത്യയിലുണ്ടാകുന്ന സ്ഫോടനങ്ങളെല്ലാം പാക്കിസ്താനിലോ ബംഗളാദേശിലോ താവളമടിച്ചിട്ടുള്ള ഭീകരന്മാർ നടത്തുന്നതാണെന്ന വാദം ശരിയല്ലെന്നതിന്ന് കുറച്ചുകാലമായി തെളിവുണ്ട്. ഇന്ത്യയിലെ ഹൈന്ദവ വർഗീയവാദികൾക്കും ഇതിൽ പങ്കുണ്ട്. പക്ഷെ എത്രത്തോളം? ഈ ഭീകരശൃംഖലക്ക് എത്രത്തോളം ആഴവും പരപ്പുമുണ്ട്? നന്ദേദ് സ്ഫോടനം സംബന്ധിച്ച അന്വേഷണത്തിൽ തങ്ങൾ കാണിച്ച അനാസ്ഥയെക്കുറിച്ച് അധികൃതർക്ക് ബോധമുണ്ടെങ്കിലേ ഇപ്പോഴത്തെ സ്ഫോടനാന്വേഷണം ഫലപ്രദമാകൂ. ❑

# ആരാണീ പുരോഹിത്?

ലെഫ്: കർണൽ പ്രസാദ് ശ്രീകാന്ത് പുരോഹിതിനെ ഭീകര പ്രവർത്തനവുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്തുവെന്ന വാർത്ത പൂനയിലെ ആർക്കും വിശ്വസിക്കാനാകുന്നില്ല. ഭീകരപ്രവർത്തനവുമായി ബന്ധപ്പെട്ട് അറസ്റ്റ ചെയ്യപ്പെട്ട പല മുസ്ലീം യുവാക്കളുടേയും കാര്യത്തിലെന്നപോലെ, പുരോഹിതിന്റെ കാര്യത്തിലും പൂനയിലെ അയൽപക്കക്കാരെല്ലാം അന്തംവിട്ടു നിൽക്കുകയാണ്. ഇടത്തരക്കാരിൽപെട്ട ഒരാളാണ് പുരോഹിത്. വളരെ സൗമ്യ പ്രകൃതിയാണെന്ന് നാട്ടുകാരെല്ലാം പറയുന്നു. ഭീകര പ്രവർത്തനത്തിലേക്കുള്ള ഇദ്ദേഹത്തിന്റെ കാൽവെയ്പ് ഒറ്റപ്പെട്ട ഒരു സംഭവമാണോ, അതോ സൈന്യത്തിൽ ഇത്തരക്കാരേറെ നുഴഞ്ഞുകയറിയിട്ടുണ്ടോ എന്നാണ് രഹസ്യാന്വേഷണ ഏജൻസികൾ ഇപ്പോൾ അന്വേഷിച്ചുകൊണ്ടിരിക്കുന്നത്.

പ്രത്യേക രാഷ്ട്രീയ ചായ്വൊന്നുമില്ലാത്ത ഒരു ബാങ്ക് ഓഫീസറുടെ മകനാണ് പുരോഹിത്. പട്ടാളത്തിലേക്ക് ചെറുപ്പക്കാരെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച ഒരു കോച്ചിങ്ങ് ക്യാമ്പിൽ വച്ചാണ് ഇദ്ദേഹം ഹിന്ദുത്വ രാഷ്ട്രീയവുമായി ബന്ധപ്പെടുന്നത്.

സവർക്കറുടെ സഹപ്രവർത്തകനായിരുന്ന ബി.എസ്. മുഞ്ചെ 1937ൽ പൂനാനഗര പരിസരത്തിൽ "ഭോൻസാല മിലിട്ടറി സ്കൂൾ" എന്നൊരു സ്ഥാപനം ആരംഭിച്ചിരുന്നു. ഇന്ത്യൻ സൈന്യവുമായി ഇതിന്നൊരു ബന്ധവുമില്ല. ഐ.എ.എസ്. പരീക്ഷക്കിരിക്കാനാഗ്രഹിക്കുന്നവർക്കായി വ്യക്തികൾ ചില കോച്ചിങ് ക്യാമ്പുകൾ നടത്താറുണ്ടല്ലോ. അത്തരത്തിലുള്ള ഒരു സ്വകാര്യ സ്ഥാപനമാണിത്. പട്ടാളത്തിൽ ചേരാനാഗ്രഹിക്കുന്നവർക്കായി നടത്തുന്ന കോച്ചിങ് ക്യാമ്പാണിത്.

മുഞ്ചെ പണ്ട് ബ്രിട്ടീഷിന്ത്യൻ സേനയിൽ കുറെ കാലം സേവനമനുഷ്ഠിച്ചിരുന്നു. പിന്നീടദ്ദേഹം യൂറോപ്പിൽ ഒരു പര്യടനം നടത്തിയ അവസരത്തിൽ ഇറ്റാലിയൻ സ്വേഛാധിപതിയായ



പ്രസാദ് ശ്രീകാന്ത് പുരോഹിത്

മുസോളിനിയെ കണ്ടു സംസാരിക്കുകയും ഫാസിസ്റ്റ് സ്ഥാപനങ്ങളുമായി സമ്പർക്കത്തിലേർപ്പെടുകയും ചെയ്തു. പിന്നീട് ഇന്ത്യയിൽ തിരിച്ചെത്തിയശേഷമാണ് അദ്ദേഹം ഫാസിസ്റ്റ് മാതൃകയിൽ ഒരു മിലിട്ടറി സ്കൂൾ സ്ഥാപിച്ചത്. ഇന്ത്യൻ പട്ടാളത്തിൽ ചേർന്നവരിൽ പലരും ഇവിടത്തെ കോച്ചിങ് ക്യാമ്പിൽ പങ്കെടുത്തവരാണ്.

ഈ കോച്ചിങ് ക്യാമ്പിലെ പരിശീലനമാണ് പുരോഹിതിന്ന് പട്ടാളത്തിൽ സ്ഥാനം കിട്ടാൻ സഹായകമായത്. പുരോഹിതിന്റെ ഹിന്ദുത്വ രാഷ്ട്രീയം ഇവിടെവച്ചാരംഭിക്കുന്നു.

2002 ൽ ഒരു ഭീകരവിരുദ്ധ പ്രവർത്തന പരിശീലന ക്യാമ്പിൽ പുരോഹിത് പങ്കെടുക്കുകയുണ്ടായി. കാശ്മീരിലായി

രുന്നു ഈ പരിശീലനം. പിന്നീട് ഭീകര വിരുദ്ധ പ്രവർത്തനങ്ങൾക്കുള്ള "രാഷ്ട്രീയ റൈഫിൾസി"ന്റെ രൂപീകരണവുമായി ബന്ധപ്പെട്ടായിരുന്നു പ്രവർത്തനം. ഏതായാലും 2005 ൽ പുരോഹിതിനെ മഹാരാഷ്ട്രത്തിലേക്ക് സ്ഥലം മാറ്റി.

ഭാര്യയും രണ്ടുകുട്ടികളുമുള്ള സ്നേഹസമ്പന്നനായ ഒരാളായിട്ടാണ് പുരോഹിതിനെ സഹപ്രവർത്തകർ അനുസ്മരിക്കുന്നത്. സൗമ്യനും ഭക്തനുമായിരുന്നുവെങ്കിലും പുരോഹിത് തന്റെ രാഷ്ട്രീയാഭിപ്രായങ്ങൾ തുറന്നു പറയാറുണ്ടായിരുന്നു. ഹിന്ദുക്കളെ സംരക്ഷിക്കാൻ ഇന്ത്യാഗവർമ്മേണ്ടിന്ന് ശേഷിയില്ലെന്നും ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യേണ്ടത് എല്ലാവരുടേയും ചുമതലയാണെന്നും അദ്ദേഹം പറയാറുണ്ടത്രെ.

2005ൽ മഹാരാഷ്ട്രത്തിലേക്ക് മാറ്റിയതോടെയാണ് "അഭിനവഭാരത്" രൂപീകരിക്കാനുള്ള പ്രേരണ പുരോഹിതിന്നുണ്ടായതെന്നു രഹസ്യാന്വേഷണ ഏജൻസികൾ കരുതുന്നു. പട്ടാളവും നാട്ടുകാരും തമ്മിൽ നല്ല ബന്ധം വളർത്താനായി സൈന്യത്തിൽ ഒരു രഹസ്യാന്വേഷണ വിഭാഗമുണ്ട്. പുരോഹിതിനെ ആ ചുമതലയാണ് ഏൽപ്പിച്ചത്. തന്റെ പഴയ സ്കൂളുമായും പൂനയിലെ ഹൈന്ദവ പ്രവർത്തകരായും ബന്ധപ്പെടുന്നതിന്ന് പുരോഹിതിന്ന് ഇതു നല്ലൊരൊവസരം പ്രദാനം ചെയ്തു. അഭിനവഭാരത് രൂപം കൊള്ളാനിടയായത് അങ്ങനെയാണ്.

2006ൽ അഭിനവ ഭാരതിന്റെ ഒന്നാമത്തെ സമ്മേളനം ഭോൻസാലെ മിലിട്ടറി സ്കൂളിലെ ഒരു മുറിയിൽ നടന്നു. പിന്നീട് പല തവണ അവിടെ യോഗം നടത്തുകയുണ്ടായി. 1904 ൽ ബ്രിട്ടന്നെതിരെ പോരാടാനായി സവർക്കറും മറ്റു തീവ്രവാദികളും ചേർന്നു രൂപീകരിച്ചതാണ് "അഭിനവഭാരത്" എന്ന ഭീകരസംഘടന. പിന്നീടത് പ്രവർത്തനരഹിതമായി. ഈയിടെ പുരോഹിതും മറ്റും ചേർന്നാണ് അഭിനവഭാരതിന്ന് പുതിയ ജീവൻ നൽകിയത് രാം നാരായൺ കൽസൻഗ്രാം, സമീർഡാംഗേ എന്നീ രണ്ടുപേരെക്കൂടി ഭീകരവിരുദ്ധ സേന അന്വേഷിച്ചുവരുന്നുണ്ട്. സെപ്തംബർ 29ന്ന് മലേഗവോണിൽ നടന്ന ബോംബാക്രമണത്തിന്റെ പിന്നിൽ ഇവരാണെന്ന് കരുതപ്പെടുന്നു. സ്വാധി പ്രജ്ഞയടക്കം അഞ്ചുപേരെയാണ് ഇതിന്നകം അറസ്റ്റ് ചെയ്തിരിക്കുന്നത്. പുരോഹിതിനെ ചോദ്യം ചെയ്യുമ്പോൾ വ്യക്തമായ ഒരു ചിത്രം കിട്ടുമെന്നാണ് അധികൃതർ കരുതുന്നത്. മിലിട്ടറിയുടെ ഉപയോഗത്തിന്നു മാത്രമുള്ള സ്ഫോടക വസ്തുക്കൾ അഭിനവ ഭാരതിന്ന് എവിടെനിന്നു കിട്ടി, ആരാണത് നൽകിയത് എന്ന കാര്യം ഇപ്പോഴും അജ്ഞാതമാണ്. പുരോഹിത് വഴിക്കാണിത് കിട്ടിയതെന്ന് ചില പത്ര റിപ്പോർട്ടുകളുണ്ടെങ്കിലും അത് ശരിയാകാൻ മാർഗ്ഗം കാണുന്നില്ല.

## ആരാണീ ചക്രവർത്തീ?

2006 ഏപ്രിലിൽ നന്ദേദിലുണ്ടായ സ്ഫോടനം സംബന്ധിച്ച അന്വേഷണം നടക്കുമ്പോൾ പ്രതികളിൽ പലരും ഒരു "മിഥുൻ ചക്രവർത്തി"യെക്കുറിച്ച് പറയുകയുണ്ടായി. എന്നാൽ പോലീസിന്നോ സി.ബി.ഐ.യ്ക്കോ ഭീകരവിരുദ്ധ സേനക്കോ ഇതാരാണെന്ന് മനസ്സിലാക്കാൻ ഇനിയും സാധിച്ചിട്ടില്ല. പ്രതികളെ ബോംബുണ്ടാക്കാൻ പഠിപ്പിച്ചത് ഈ ചക്രവർത്തിയാണെന്ന് മാത്രമേ പോലീസിന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഹിമാംശുവിന്നൊഴിച്ച് ആർക്കും ഈ ചക്രവർത്തിയെക്കുറിച്ചറിയില്ല. ഹിമാംശു വാകട്ടെ ബോംബ് നിർമ്മാണത്തിന്നിടയിലുണ്ടായ സ്ഫോടനത്തിൽ മരിക്കുകയും ചെയ്തു. ❑

# വിവരാവകാശമുണ്ട്; പക്ഷെ വിവരം കിട്ടാൻ വിഷമം

**- ആരതി ധർ -**

വിവരാവകാശനിയമം നിലവിൽ വന്നിട്ട് കൊല്ലം മൂന്നായി. പക്ഷെ ഈ നിയമപ്രകാരം ഉദ്യോഗസ്ഥന്മാരിൽനിന്ന് വിവരങ്ങൾ കിട്ടാൻ ഏറെ കഷ്ടപ്പെടേണ്ടിവരുന്നു. പ്രിയ എന്ന സന്നദ്ധ സംഘടന നടത്തിയ സർവ്വേയിൽ മനസ്സിലാക്കാൻ കഴിഞ്ഞ വിവരമാണിത്.

നിയമം നടപ്പാക്കുന്നതിൽ ഏറ്റവും ബുദ്ധിമുട്ടനുഭവപ്പെടുന്നത് രണ്ടാംഘട്ടത്തിലാണ്: അതായത് സംസ്ഥാന ഇൻഫർമേഷൻ കമ്മീഷനിൽ. ബീഹാർ, ഗുജറാത്ത്, ഝാർഖണ്ഡ്, ഒറീസ മധ്യപ്രദേശ്, കേരളം എന്നീ സംസ്ഥാനങ്ങളിലെ സംസ്ഥാന കമ്മീഷനുകളിൽ ലഭിക്കുന്ന അപ്പീലുകൾ കൈകാര്യം ചെയ്യുന്നതിൽ വലിയ കാലതാമസം വരുന്നുണ്ട്. അപ്പീൽ വിചാരണക്കെടുക്കുന്നതും കാത്ത് മാസങ്ങളോളം കാത്തിരിക്കേണ്ടിവരുന്നു.

ഒറീസ, ബീഹാർ, യു.പി. എന്നിവടങ്ങളിലെ കമ്മീഷനുകളുടെ തീരുമാനങ്ങൾ മിക്കവയും സ്വേഛാപരമാണ്. "അപ്പീൽ തള്ളിയിരിക്കുന്നു" എന്ന ഒരൊറ്റ വാചകത്തിലുള്ള തീരുമാനങ്ങളാണധികവും. എന്തുകൊണ്ട് തള്ളി എന്ന് വ്യക്തമാക്കുന്ന യുക്തിയുക്തമായൊരു കല്പനയും കിട്ടില്ല. പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക് പിഴയിടുന്നതിലുള്ള വൈമുഖ്യമാണ് മറ്റൊരു തടസ്സം. രാജസ്ഥാൻ, യു.പി. മധ്യപ്രദേശ് എന്നിവിടങ്ങളിൽ ആയിരക്കണക്കിന്നു പരാതികൾ കൈകൈര്യം ചെയ്തിട്ടും പിഴ കല്പിച്ച സംഭവം അപൂർവ്വമാണ്.

എല്ലാ കുറ്റവും സംസ്ഥാന കമ്മീഷനുകളുടെ തലയിൽ വച്ചുകെട്ടാനാവില്ല. പല സംസ്ഥാനങ്ങളിലും കമ്മീഷനുകളുടെ പ്രവർത്തനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല ചിലേടത്ത് അത്യാവശ്യത്തിന്നുവേണ്ട പണം പോലും അനുവദിച്ചിട്ടില്ല.

ബീഹാർ, ഹരിയാന, ഝാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ കമ്മീഷനുകൾ സജീവമായിട്ട് ആറുമാസമേ ആയിട്ടുള്ളൂ. ആന്ധ്രയിലേയും ഉത്തർഖണ്ഡിലേയും കമ്മീഷനുകൾ നന്നായി പ്രവർത്തിച്ചുവരുന്നുണ്ട്.

വിവരങ്ങൾ ആരാഞ്ഞുകൊണ്ടുള്ള അപേക്ഷ എവിടെ ആർക്കു സമർപ്പിക്കണമെന്നു മനസ്സിലാക്കുക വിഷമമാണെന്ന് ജനങ്ങൾ പറയുന്നു. പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെ ഡയറക്ടറി പ്രസിദ്ധീകരച്ചിരിക്കണമെന്നാണ് നിയമം, പക്ഷെ അതന്വേഷിച്ചാൽ കിട്ടില്ല. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട ഫീസിന്റെ കാര്യത്തിൽ അധികമാർക്കും ആക്ഷേപമില്ല. എന്നാൽ ഈ ഫീസ് എങ്ങനെ അടക്കണമെന്ന കാര്യം വലിയ പുലിവാലാണ്. കർണ്ണാടകം, ഒറീസ, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ അപേക്ഷ സമർപ്പിക്കേണ്ട നടപടിക്രമം വളരെ സങ്കീർണ്ണമാണ്. അതുതന്നെ അപേക്ഷകർക്കൊരു വിലങ്ങുതടിയാണ്.

എന്തെങ്കിലും ഒരു വിവരം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചാൽ മൂന്നോ നാലോ തവണ അന്വേഷിച്ചു ചെല്ലണമെന്നതാണ് മറ്റൊരു തടസ്സം.

# ഭീകരവിരുദ്ധ സേനയുടെ ജീവാത്മാവ്



ഹേമന്ത് കർക്കരെ

മുംബായിൽ ഭീകരന്മാരാൽ വധിക്കപ്പെട്ട ഭീകര വിരുദ്ധ സേനാധിപനായിരുന്ന ഹേമന്ത് കർക്കരെ ഒരു എഞ്ചിനീയറാകാനാണ് പരിശീലിപ്പിക്കപ്പെട്ടത്. നാഗപ്പൂർ റീജിയനൽ എഞ്ചിനീയറിങ് കോളേജിൽനിന്ന് മെക്കാനിക്കൽ എഞ്ചിനീയറിങ്ങിൽ ബിരുദം നേടിയശേഷം കുറച്ചുകാലം നാഷനൽ പ്രൊഡക്ടിവിറ്റി കൗൺസിലിൽ പ്രവർത്തിച്ചു. അവിടെനിന്ന ദ്ദേഹം ഹിന്ദുസ്ഥാൻ ലിവറിലേക്കു മാറി. ഒടുവിൽ 1982ൽ ഐ.പി.എസ്. പരീക്ഷ പാസായി കാക്കിയണിഞ്ഞു.

നക്ഷൽശല്യം മൂർധന്യത്തിലെത്തിയിരുന്ന ചന്ദ്രപ്പൂരിലാണ് കർക്കരെ ആദ്യം നിയമിക്കപ്പെട്ടത്. അതൊരു ശിക്ഷാനിയമനമായിട്ടാണ് പൊതുവെ കരുതപ്പെട്ടത്. എന്നാൽ പരിശീലനത്തിനുള്ള അത്ഭുതകരമായ ഒരവസരം എന്നാണ് കർക്കരെ അതിനെ വിശേഷിപ്പിച്ചത്.

പിന്നീട് സംസ്ഥാനത്ത് പലേടത്തും സേവനമനുഷ്ഠിച്ചു. 90കളിലാണ് മുംബായിൽ ഡേപ്യൂട്ടി കമ്മീഷണറായി നിയമിക്കപ്പെട്ടത്. പിന്നീട് കുറെ കാലം ഇന്ത്യയുടെ വിദേശരഹസ്യാന്വേഷണ വിഭാഗമായ "റോ"യുടെ ഭാഗമായി പല യൂറോപ്യൻ രാജ്യങ്ങളിലും പ്രവർത്തിച്ചു. മുംബായിൽതന്നെ തിരിച്ചെത്തിയ കർക്കരെയെ കഴിഞ്ഞ ജനുവരിയിലാണ് ഭീകരവിരുദ്ധ സേനയുടെ തലവനായി നിയമിച്ചത്. കഴിഞ്ഞ സെപ്തംബറിൽ മലേഗവോണിലുണ്ടായ ബോംബ് സ്ഫോടനം ഹൈന്ദവ തീവ്രവാദികളുടെ പണിയാണെന്ന് തെളിയിച്ചത് കർക്കരെയാണ്. ❑

നിയമപ്രകാരം 30 ദിവസത്തിന്നകം വിവരം കിട്ടുന്നത് അപൂർവ്വമാണ്. ചില പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ അപേക്ഷകരെ ഭീഷണിപ്പെടുത്തുന്നതായും ധാരാളം പരാതിയുണ്ട്.

ഈ വക തടസ്സമെല്ലാമുണ്ടെങ്കിലും സർവ്വേയിൽ പങ്കെടുക്കുന്നവരിൽ 68 ശതമാനത്തിന്നും ആവശ്യപ്പെട്ടവിവരം നേടാൻ കഴിഞ്ഞിട്ടുണ്ട്. വിവരം കിട്ടാത്തവരിൽ അധികം പേരും മേലുദ്യോഗസ്ഥന്നോ സംസ്ഥാന ഇൻഫർമേശൻ കമ്മീഷന്നോ പരീതി സമർപ്പിക്കുകയുണ്ടായില്ല കാശും സമയവും വെറുതെ പാഴാക്കിയിട്ടെന്താകാര്യം എന്ന മനോഭാവമാണ് അവർക്കുള്ളത്. ❑

# കരയാത്ത കവിത

**- ഷെഹാലി വാസുദേവ് -**

മുംബായിലെ ഭീകരാക്രമണ വേളയിൽ കൊല്ലപ്പെട്ട മഹാരാഷ്ട്ര ഭീകരവിരുദ്ധ സേനാധിപനായ കർക്കരെയുടെ പത്നി കവിത, അനുശോചന സന്ദേശവുമായി അവരുടെ വീട്ടിലെത്തിയ ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്ര മോഡിയെ കാണാൻ കൂട്ടാക്കിയില്ല. എന്നാൽ രണ്ടു ദിവസത്തിന്നുശേഷം അവർ കണ്ണീരണിഞ്ഞ സഹപ്രവർത്തകരുടേയും മുംബായിലെ ആയിരക്കണക്കിന്നു ആരാധകരുടേയും മുന്നിൽ വന്ന് പ്രിയതമനോട് എന്നന്നേക്കുമായി വിടവാങ്ങി. കരയാത്ത അവർ തന്റേടത്തിന്റെ അവതാര മൂർത്തിയായിരുന്നു.

ഇന്ത്യയിൽ മരണദു:ഖം ഒരു സ്വകാര്യ ദു:ഖമാകുന്നത് അപൂർവ്വമാണ്. ദു:ഖപ്രകടനം ഇവിടെ ഔപചാരികമായ ഒരു ചടങ്ങാണ്. വീട്ടുകാരും നാട്ടുകാരുമെല്ലാം നെഞ്ചത്തടിച്ചു കരയുന്നത് അസാധാരണമല്ല. ഭർത്താവു മരിച്ചാൽ സ്ത്രീകൾ വെള്ളവസ്ത്രം ധരിക്കണമെന്നത് ഇവിടെ നിർബ്ബന്ധമാണ്. ആകെ തളർന്നു കിടക്കണം. എന്നാൽ കവിത ഇത്തരം ദു:ഖപ്രകടനങ്ങൾ കാഴ്ചവയ്ക്കാൻ വിസമ്മതിച്ചു. ശരിയാണ് അവരുടെ കണ്ണിൽ ജീവനുണ്ടായിരുന്നില്ല. ദു:ഖത്തിന്റേതായ ഒരു തിരശീല അവരുടെ മുഖത്തെ ആവരണം ചെയ്തിരുന്നു. എങ്കിലും അവർ തന്റേടം കൈവിട്ടില്ല. ചുവന്ന, തവിട്ടുനിറത്തിലുള്ള ഒരു സാരിയാണവർ ധരിച്ചിരുന്നത്. നെറ്റിയിൽ ഒരുപൊട്ടുപോലും ഉണ്ടായിരുന്നു; കൈകളിലൊന്നിൽ ചുവന്നൊരു വളയും ഇട്ടിരുന്നു. തലമുടി വൃത്തിയായി ചീകിയൊതുക്കിയിരുന്നു. തന്റേടത്തിന്റേതായ ആ ദൃശ്യം ഭീതിയിൽ കഴിഞ്ഞിരുന്ന ജനങ്ങൾക്ക് ഒരാവശ്യമായിരുന്നു.


കവിത കർക്കരെ

വൈധവ്യത്തിൽ വെള്ളവസ്ത്രം ധരിച്ച് ജീവിതനിഷേധം നടത്തണമെന്നത് ഇന്ത്യയിലെ ഒരാചാരമാണ്. അതിവിടെ മാന്യമായി തിരസ്ക

രിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ സിനിമകളും ഇതിനെ അനുവർത്തിക്കുമെന്നാശിക്കുക. ശവസംസ്കാര സംബന്ധമായ തിരക്കഥാരചനകൾ ഒന്നു മാറ്റിയെഴുതാൻ നമ്മുടെ ഫിലം നിർമ്മാതാക്കളെ ഇത് പ്രേരിപ്പിച്ചെങ്കിൽ എത്ര നന്നാകുമായിരുന്നു. രക്തസാക്ഷികളായ ജവാന്മാരുടെ ശവസംസ്കാര ക്രിയകൾ എങ്ങനെയായിരുന്നു? എൽ.ഒ.സി. കാർഗിലിൽ കരീന കപൂറിനെ കണ്ടിട്ടില്ലേ? ഭർത്താവിന്റെ ശവസംസ്കാരചടങ്ങിൽ പൊട്ടുതൊട്ട് പ്രത്യക്ഷപ്പെട്ട ആദ്യത്തെ ആളല്ല കവിത എന്നുവരാം. എന്നാൽ ഒരു രക്തസാക്ഷിയുടെ തന്റേടമുള്ള ഭാര്യയെന്ന നിലയിൽ ഇത് മറ്റു സ്ത്രീകൾക്ക് ഒരു മാതൃകയാകേണ്ടതാണ്. ഭർത്താവ് മരിച്ചാൽ നെഞ്ചത്തടിച്ചു കരയേണ്ടത് ഒരു സാമൂഹ്യ ബാധ്യതയായി കരുതുന്നവരുണ്ട്. കുറെകാലം മുമ്പ് നർത്തകിയും നടിയുമായ വൈജയന്തിമാലയുടെ ഭർത്താവ് ഡോ. ബാലി മരിച്ചതിന്നുശേഷവും വൈജയന്തിമാല നിറമുള്ള വസ്ത്രങ്ങൾ ധരിക്കുകയും പൊട്ടുതൊടുകയും ചെയ്തുവന്നിരുന്നു. തന്റെ ഭർത്താവിനെക്കുറിച്ചുള്ള ഓർമ്മയും സ്നേഹവും മൂലമാണതെന്ന് അവർ പറയുകയുണ്ടായി. ഭർത്താവുമരിക്കുമ്പോഴേക്കും വെള്ളവസ്ത്രം ധരിക്കുകയും പൊട്ടുമായ്ച്ചുകളയുകയും ചെയ്യുന്നതിനേക്കാൾ നല്ലത് വിവാഹ സൂചകങ്ങൾ നിലനിർത്തുന്നതാണ്. വേർപാടിന്റെ വേദന ലഘൂകരിക്കാൻ അതു സഹായിക്കും. കവിതയുടെ തന്റേടം അതിന്നൊരു മാതൃകയാണ്. ലോകസമക്ഷം നെഞ്ചത്തടിച്ചു കരയാനോ മോഹാലസ്യപ്പെട്ടു വീഴാനോ കൂട്ടാക്കാത്ത കവിതയുടെ ആ നിൽപ് ദു:ഖത്തിന്റെ മൂർത്തിമൽഭാവമായിരുന്നു.

കവിതയുടെ കാര്യത്തിലുള്ള മറ്റൊരു പ്രത്യേകത ഗുജറാത്ത് മുഖ്യമന്ത്രി മോഡിയെ കാണാൻ വിസമ്മതിച്ച രീതിയാണ്. കുറച്ചുകാലം മുമ്പുണ്ടായ മലേഗവോൺ സ്ഫോടനത്തിന്ന് ഉത്തരവാദികളായ ഹിന്ദുക്കളെ പിടികൂടിയത് മഹാരാഷ്ട്ര ഭീകരവിരുദ്ധ സേനയുടെ അധിപനായ കർക്കരെയായിരുന്നു. സാധ്വി പ്രജ്ഞയെ ഗുജറാത്തിൽനിന്നു പിടികൂടിയതും കർക്കരെയാണ്. അന്ന് ഗുജറാത്ത് മുഖ്യമന്ത്രി മോഡി കാർക്കരെ ചീത്തപറയുകയുണ്ടായി. കാർക്കരെ കോൺഗ്രസ്സിന്നുവേണ്ടി കൂലിപ്പണി നടത്തുകയാണെന്നുവരെ മോഡി കുറ്റപ്പെടുത്തി. എന്നിട്ടും കവിത തന്റേടം വിട്ടു പെരുമാറിയില്ല. തനിക്ക് ആ "കാരണവരെ" കാണേണ്ടതില്ല എന്നേ കവിത പറഞ്ഞുള്ളൂ.

ഭർത്താവിന്റെ സംസ്കാര വേളയിൽ ദു:ഖത്തിന്റെ ആൾരൂപമായിത്തീർന്ന കവിത ഇന്ത്യയിലെ സാംസ്കാരിക രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന പരിണാമത്തെ സൂചിപ്പിക്കുന്നു. സതിയനുഷ്ഠാനം ഇന്ന് നിയമം മൂലം നിരോധിക്കപ്പെട്ടിട്ടുണ്ടെങ്കിലും വൈധവ്യമെന്നത് ഇന്നും ഉത്തരേന്ത്യയിൽ ഭീകരമാണ്. അവർക്ക് എല്ലാവരും എല്ലായിടത്തും ഭ്രഷ്ട് കൽപ്പിക്കുന്നു. ആ ഒരവസ്ഥയിൽനിന്ന് കവിതയുടെ തന്റേടത്തിലേക്കുള്ള ദൂരം ഏറെയാണ്. ❏

# അതാ വരുന്നൂ പുതിയ ഭീകരവിരുദ്ധ നിയമം

**- കപിൽ കിച്ചലു -**

**അ**തിദീർഘമായ സമുദ്രാതിർത്തിയോടും അതിലും നീണ്ട കര അതിർത്തിയോടും കൂടിയ ഒരു രാജ്യത്തിന്ന് എങ്ങനെ സുരക്ഷിതത്വം കൈവരുത്തും? എന്താണതിനെ സുരക്ഷിതമാക്കുന്നത്? മഹാനഗരങ്ങളിലെ പഞ്ചനക്ഷത്ര ഹോട്ടലുകളാണോ? ഓരോ സംസ്ഥാന തലസ്ഥാനത്തേയും ഓരോ നഗരത്തേയും ഓരോ പൗരനേയും സുരക്ഷിതമാക്കലാണോ? പരാതി പറയുന്നതിലും അഹന്ത കാണിക്കുന്നതിലും അന്തസ്സ് പ്രകടിപ്പിക്കുന്നതിലും മുഴുകിയ ഒരു സംസ്കാരത്തിൽ ഒരു സെക്യൂരിറ്റി ഗാർഡിനെ നിയമിച്ചാൽ, അയാൾ അയാൾക്കു മീതെയുള്ളവരോട് "അരുത്" എന്നു പറയുമോ? സെക്യൂരിറ്റി ഗാർഡിനെ തട്ടിമാറ്റി മുന്നോട്ടു പോകുന്നവരുടേതായ ഒരു നാട്ടിൽ എന്തു ഗാർഡ്? അയാൾക്കുമീതെയുള്ളവർ അയാളെ തുല്യതയോടെ വീക്ഷിക്കുകയെങ്കിലും ചെയ്യുമോ?

പരിശീലകർക്ക് എന്തുയോഗ്യതയാണുള്ളത്? പഞ്ചനക്ഷത്ര ഹോട്ടലുകളിൽ നല്ല സെക്യൂരിറ്റിയുണ്ട്. ലഭ്യമായതിൽവച്ചേറ്റവും നല്ലത് അതാണെന്നു നമുക്കു കരുതാം. അമേരിക്കയുമായുള്ള താരതമ്യം ബാലിശമാണ്. അവിടത്തെ സാമൂഹ്യവും സാംസ്കാരികവുമായ പരിതസ്ഥിതി ഒന്നു വേറെയാണ്. അവിടെ സാധ്യമായതൊന്നും ഇവിടെ നടക്കില്ലെന്ന് മേൽപ്പറഞ്ഞ കാര്യങ്ങൾ തെളിയിക്കുന്നു.

മുംബായിൽ പത്തു ഭീകരന്മാർ വന്നുവെന്നാണ് പറയുന്നത്. എന്നിട്ടും പത്തുദിക്കിൽ ആക്രമണം നടന്നു. അക്രമികളിൽ ഒമ്പതു പേരെയും കൊന്നുവെന്നും ഒരാളെ പിടികൂടി എന്നുമാണ് പറയുന്നത്. വെറും പത്തു ചെറുപ്പക്കാർക്ക് ഇത്രയേറെ സ്ഥലങ്ങളിൽ ഇത്രയേറെ നാശം വിതക്കാൻ കഴിഞ്ഞതെങ്ങനെയാണ്? ഇന്ത്യയുടെ ഏറ്റവും മികച്ച പോരാളികളെ എങ്ങിനെയാണവർ അറുപതുമണിക്കൂർ നേരം ചെറുത്തു നിന്നത്? ഇപ്പോൾ എല്ലാം തീർന്നുവെന്നാണ് പറയുന്നത്. ചില ടെലിവിഷൻ ചാനലുകൾ പത്തുമുതൽ നാൽപ്പതുവരെ ഭീകരന്മാർ ഉണ്ടായിരുന്നതായി പറയുന്നുണ്ട്. ചിലർ മുംബായിൽ താമസമാക്കിയിട്ട് ആഴ്ചകൾതന്നെ കഴിഞ്ഞുന്നുവെന്നു പറയുന്നു. അങ്ങനെയാണെങ്കിൽ കൊല്ലാനും പിടികൂടാനും കഴിയാതെ വന്നവർ നാളെ മറ്റെവിടെയെങ്കിലും ആക്രമിക്കും. ആഭ്യന്തരകാര്യമന്ത്രി രാജിവച്ചു. ചിദംബരമാണ് പുതിയ മന്ത്രി. രാജ്യത്ത് ഈയിടെ സാമ്പത്തിക കുഴപ്പമുണ്ടായപ്പോൾ ആലോചിച്ചിരുന്ന ആളാണിദ്ദേഹമെന്നോർക്കുക.

മുംബായ് ആക്രമണത്തിന്നുമുമ്പ് രഹസ്യാന്വേഷണ ഏജൻസികൾ പലമുന്നറിയിപ്പുകളും തന്നു. എന്നിട്ടും പ്രതിരോധ നടപടിയെടുക്കാൻ ആർക്കും കഴിഞ്ഞില്ല. ഉഗ്രൻ നിയമങ്ങൾ ഇപ്പോൾ വന്നിട്ടുണ്ട്. നിയമങ്ങളുടെ ആഭാവം കൊണ്ട് ഇവിടെ ഒരപകടവും സംഭവിച്ചിട്ടില്ലെന്ന് ആരും ഓർക്കുന്നില്ല. ഈ നിയമങ്ങളെല്ലാം പാസാക്കി വച്ചാലും ഇനിയും ഇതൊക്കെതന്നെയാണ് സംഭവിക്കുക. പുതിയ ഏജൻസികൾ വരുന്നു; പുതിയ സേനകൾ, വരുന്നു. പുതിയ

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Licensed to post without prepayment: KL/TCR/WPP-06/2006-08
Posted at R.M.S., Thrissur-21. Date of posting: 27-12-2008

ആയുധങ്ങൾ വാങ്ങുന്നു. കോസ്റ്റ് ഗാർഡിന്ന് തിളങ്ങുന്ന ബോട്ടുകൾ കപ്പലുകൾ, റഡാറുകൾ, ഒടുവിൽ ആർക്കാണ് എന്താണധികാരമെന്നതിനെച്ചൊല്ലി തർക്കങ്ങളും.

ഫലദായകത്വത്തെപ്പറ്റി ആരും ഒരുവാക്കും ഉരിയാടിയിട്ടില്ല. അതിന്നാൽ സ്റ്റാഫ് ചാരിയിരുന്നുറങ്ങും; ഉപകരണങ്ങൾ തുരുമ്പുപിടിച്ച് നശിക്കും. തോക്കിന്ന് എണ്ണയിടാൻ കൈക്കോഴ വേണ്ടിവരും; അത്യുഗ്രൻ സ്ഫോടക വസ്തുവായ RDX വന്നു കയറും. ഇതൊക്കെ പത്രക്കാർ അനേകം തവണ അന്വേഷിച്ച് രേഖാമൂലം പുറത്തുകൊണ്ടുവന്നിട്ടുണ്ട്. ഒരു ഫലവുമുണ്ടായിട്ടില്ല; ഇനിയും ഉണ്ടാവില്ല; ഇതൊക്കെ നടപ്പാക്കാൻ വണ്ടിക്കണക്കിന്ന് പണം വേണ്ടിവരില്ലേ? ബിസിനസ്സുകാർ ക്ഷോഭിച്ചിരിക്കുകയാണ്. ഏറ്റവുമധികം കള്ളപ്പണം വിദേശത്ത് ഉപ്പിലിട്ട് സൂക്ഷിച്ചിരിക്കുന്നതും ഇവരാണ്. അവർ ഒരു രൂപപോലും നികുതിയായി തരില്ല നമ്മുടെ രാഷ്ട്രീയക്കാരുടേയും ഉദ്യോഗസ്ഥന്മാരുടേയും കൊള്ള കഴിഞ്ഞാൽപിന്നെ ഖജനാവിൽ ബാക്കിയൊന്നും കാണില്ല. പട്ടാളക്കാർക്ക് ബൂട്ട്സ് വാങ്ങാൻപോലും കാശുണ്ടാവില്ല.

ഇന്ത്യയിലെ ഇടത്തരക്കാർ രാഷ്ട്രീയക്കാരുടെ നേരേയും ഉദ്യോഗസ്ഥന്മാരുടെ നേരേയും അരിശം പൂണ്ടുനിൽപാണ്. പക്ഷെ ഇതേ ഇടത്തരക്കാർതന്നെയല്ലേ തൻകാര്യം നേടാൻ രാഷ്ട്രീയക്കാർക്കും ഉദ്യോഗസ്ഥന്മാർക്കും കൈക്കോഴകൊടുക്കുന്നത്?

അരനൂറ്റാണ്ടിലേറെക്കാലം നിസ്സംഗരായി കഴിഞ്ഞതിന്നുശേഷം ഇന്ദ്രജാലക്കാരൻ തന്റെ കോലെടുത്തു വീശുമ്പോഴെന്നപോലെ, പെട്ടെന്നു കാര്യങ്ങളെല്ലാം ശരിയാക്കാനാവില്ല. പൊതുജന സമ്മർദമുണ്ടായാലും ഇല്ലെങ്കിലും, രാഷ്ട്രീയ നേതൃത്വം ഇന്നത്തെ നിലപാടിൽനിന്ന് ഒരിഞ്ചു നീങ്ങാൻ തയ്യാറില്ല. അടുത്തുവരാൻ പോകുന്ന തിരഞ്ഞെടുപ്പിലും ഇതേ വർഗ്ഗീയവാദികൾതന്നെയാണ് വരാൻ പോകുന്നത്; ഇതേ ആർത്തിപണ്ടാരങ്ങൾ തന്നെയാണ് ജയിച്ചു വരാൻ പോകുന്നത്. ഇതേ അഴിമതിക്കാർ തന്നെയാണ് പാർട്ടിമാറിക്കയറി വരാൻ പോകുന്നത്; ഇതേ അപ്രാപ്തർ തന്നെ മറ്റൊരു രൂപത്തിൽ വരും. ഒരു പക്ഷെ അല്പം വാർധക്യം വന്നിരിക്കും; ചിലർ ചക്രക്കസേരയിലാകും; ചിലർ ഓക്സിജൻ സിലിണ്ടറും കൊണ്ടുവന്നേക്കും; അല്ലെങ്കിലൊരു ഡയാലിസിസ് ഉപകരണം സമ്പാദിച്ചിരിക്കും.

ബിസിനസ്സുകാർ എന്തുവന്നാലും സത്യസന്ധത പാലിക്കില്ല; പാവങ്ങൾക്ക് വല്ലതുമൊക്കെ വലിച്ചെറിഞ്ഞു കൊടുത്തുവെന്നു വരാം. എന്നാലും ചൂഷണത്തിന്നൊരു കുറവും വരില്ല. ദീർഘകാലമായി നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന ഈ തിന്മകൾക്കെതിരെ ഒരാളും ഒരു വാക്കും ഉരിയാടിയിട്ടില്ല. അതായത് ഒരു പരിവർത്തനവും നമ്മെ സുരക്ഷിതത്വത്തിലെത്തിക്കാൻ പോകുന്നില്ല. നമുക്കീ വേദനയും പേറി വലിഞ്ഞു കയറുകമാത്രമേ പോംവഴിയുള്ളൂ. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.